2023
AUGUST
10
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## കാടുകയറി വേട്ടയാടിയവർ ഇനി കുടുങ്ങും; സ്നിഫർ ഡോഗുകൾ പുറകെയുണ്ട്




**തൃശൂർ:** കാടുകയറി വേട്ടയാടിയവർ ഇനി കുടുങ്ങും നിങ്ങൾക്കു പിന്നാലെ സ്നിഫർ ഡോഗുകൾ ഉണ്ട്.വർഷങ്ങൾക്ക് മുൻപ് നടന്ന കുറ്റകൃത്യങ്ങൾ പോലും കണ്ടെത്താൻ അതീവ ശേഷിയുള്ളവതാണ് ഈ സ്നിഫർ ഡോഗുകൾ.പാലപ്പിള്ളിയിൽ സ്നിഫർ ഡോഗുകൾ എത്തി. കാട്ടിലെ കുറ്റകൃത്യങ്ങൾ കണ്ടെത്താനുള്ള ദൗത്യവുമായാണ് അതീവ അന്വേഷണ ശേഷിയുള്ള സ്നിഫർ ഡോഗുകൾ എത്തിയത്. പാലപ്പിള്ളി വനത്തിനുള്ളിലെയും വനാതിർത്തികളിലെയും മൃഗവേട്ട, അനധികൃതമായ ചന്ദനത്തടി കടത്തൽ, കഞ്ചാവ് തുടങ്ങിയ കുറ്റകൃത്യങ്ങൾ കണ്ടെത്താനാണ് പരിശീലനം നേടിയ രണ്ട് സ്നിഫർ ഡോഗുകൾ എത്തിയിരിക്കുന്നത്. വർഷങ്ങൾക്ക് മുൻപ് നടന്ന കുറ്റകൃത്യങ്ങളിൽ പോലും തെരച്ചിൽ നടത്തി കണ്ടെത്താൻ ശേഷിയുള്ളവയാണ് സ്നിഫർ ഡോഗുകൾ. തേക്കടി കടുവ സങ്കേതത്തിൽ വർഷങ്ങളോളം പരിശീലനം നേടിയ വനവകുപ്പിന്റെ ജെനി, ജൂലി എന്നി രണ്ട് സ്നിഫർ ഡോഗുകളാണ് പാലപ്പിള്ളിയിൽ എത്തിയത്. 2015ലാണ് ഇവർ വനംവകുപ്പിന്റെ ഭാഗമാകുന്നത്. ബിഎസ്എഫിൽ നിന്ന് പരിശീലനം നേടിയ ഡോഗ് ട്രെയിനർ കെ.ആർ.ശേഖറിന്റെ നേതൃത്വത്തിലുള്ള സംഘമാണ് സ്നിഫർ ഡോഗുകളെ പാലപ്പിള്ളിയിൽ എത്തിച്ചത്. ജി.രഞ്ജിത്ത്, എൻ.എസ്.സനീഷ് എന്നിവരും സഹായികളായി കൂടെയുണ്ട്. പാലപ്പിള്ളി റേഞ്ച് ഓഫീസർ പ്രേംഷമീറിന്റെ ആവശ്യപ്രകാരമാണ് സ്നിഫർ ഡോഗുകളെ എത്തിച്ചത്.വന്യമൃഗങ്ങളെ പിടികൂടാൻ ഒരുക്കിയിട്ടുള്ള കെണികൾ, കാട്ടിൽ കുഴിച്ചുമൂടിയ ചന്ദനത്തടികൾ, സ്ഫോടക വസ്തുക്കൾ എന്നിവയെല്ലാം പെടുന്നനെ ഡോഗുകൾക്ക് കണ്ടെത്താൻ കഴിയും. പന്നികളെ കൊന്നൊടുക്കാനുള്ള പടക്കങ്ങൾ കുഴിച്ചുമൂടിയാലും അവയെല്ലാം തെരഞ്ഞുപിടിച്ച് അറിയിക്കാനും ഈ നായ്ക്കൾക്ക് കഴിവുണ്ട്. പോലീസിലെ ഡിവൈഎസ്പി റാങ്കിന് തുല്യമായി എസിഎഫ് റാങ്കാണ് സ്നിഫർ ഡോഗുകൾക്ക്.ഇക്കാലയളവിൽ നിർണ്ണായകമായ 14 കേസുകൾ തെളിയിക്കുന്നതിൽ മുഖ്യപങ്ക് വഹിച്ചതോടെയാണ് സ്നിഫർ ഡോഗുകൾ വനംവകുപ്പിന്റെ ഉന്നത പദവിയിലെത്തിയത്. കാടുകയറി വേട്ടയാടിയവർ തെളിവുകൾ ഉപേക്ഷിച്ചു പോയിട്ടുണ്ടെങ്കിൽ അവരുടെയരികിൽ മണത്തെത്തും ജെനിയും ജൂലിയും.

# ഓണക്കാലം: പ്രതീക്ഷയോടെ വ്യാപാര മേഖല



**കൊച്ചി:** കൊവിഡ് പ്രതിസന്ധിക്കു ശേഷം വിപണി ഉണർന്നു തുടങ്ങിയതിന്റെ ആഹ്ലാദത്തിലാണ് രാജ്യത്തെ പ്രത്യേകിച്ച് കേരളത്തിലെ വ്യാപാരികൾ.ഇത്തവണത്തെ ഓണക്കാലെ മുൻകാലങ്ങളിലെ മാന്ദ്യത്തിന് പരിഹാരമാകുമെന്നാണ് വിപിയുടെ മൊത്തത്തിലുള്ള പ്രതീക്ഷ. ഓണം പടിവാതിൽക്കൽ എത്തി നിൽക്കെ വിപണയുടെ സർവ്വ മേഖലകളും ഉണർന്നു കഴിഞ്ഞു.ഓണക്കാലത്ത് ഏറ്റവും കൂടുതൽ വിറ്റുവരവ് പ്രതീക്ഷിക്കുത് ഇലക്ട്രോണിക്സ് വിൽപ്പന മേഖലയിൽ നിന്നാണ് പ്രത്യേകിച്ച് ടിവി,മൊബൈൽ ഫോണുകൾ,ഗൃഹോപകരണങ്ങൾ എന്നിവയുടെ വിൽപ്പന. ഓണക്കാലത്താണ് പല പ്രമുഖ കമ്പനികളും തങ്ങളുടെ പുതിയ ഉൽപ്പന്നങ്ങൾ വിപണയിൽ അവതരിപ്പിക്കുന്നത്.ആ പതിവ് ഇത്തവണയും തെറ്റിയിട്ടില്ല.പല പ്രമുഖ കമ്പനികളും ഓണവിപണിയിലെ വിൽപ്പനയിൽ കണ്ണ് നട്ട് തങ്ങളുടെ പുതിയ ഉൽപ്പന്നങ്ങൾ അവതരിപ്പിച്ചു കഴിഞ്ഞു. പ്രമുഖ ബ്രാൻഡുകൾ തമ്മിൽ ശക്തമായ മൽസരമായിരിക്കും ഈ ഓണക്കാലത്ത് ഉണ്ടാകുകയെന്നാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്. ഉപയോക്താക്കളുടെ ശ്രദ്ധ പിടിച്ചു പറ്റുന്നതിനായി വൻ തോതിലുള്ള പരസ്യപ്രചരണമാണ് ചെറുതും വലുതുമായ കമ്പനികൾ നടത്തിക്കൊണ്ടിരിക്കുന്നത്.ഉപയോക്താക്കളെ ആകർഷിക്കുന്നതിനായി പല തരത്തിലുള്ള സമ്മാന പദ്ധതികളും വിലക്കിഴിവുകളും കമ്പനികൾ വാഗ്ദാനം ചെയ്യുന്നുണ്ട് മൂവായിരം മുതൽ അയ്യായിരം കോടി രൂപയുടെ വിൽപ്പനയാണ് ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങളുടെ വിൽപ്പനയിലൂടെ പ്രതീക്ഷിക്കപ്പെടുന്നത്. ഓണക്കാലത്ത് കേരളത്തിൽ ഏറ്റവും അധികം വിൽപ്പന നടക്കുന്നത് ടിവി,മൊബൈൽഫോൺ എന്നിവയുടേതാണ്. ഇതിൽ മൊബൈൽ ഫോൺ വിൽപ്പനയാണ് മുന്നിൽ.. ഈ ഓണ സീസണിലും മൊബൈൽ ഫോൺ വിൽപ്പന വൻതോതിൽ തന്നെ നടക്കുമെന്നാണ് മൊബൈൽ ഫോൺ വ്യാപാരികളുടെ പ്രതീക്ഷി. ഒപ്പം ടി.വി,ലാപ്ടോപ്, ഉൾപ്പെടെയുള്ള ഉപകരണങ്ങളുടെ വിൽപ്പനയിലും വൻ കുതിപ്പുണ്ടാകുമെന്നാണ് കണക്കു കൂട്ടൽ. ഓണക്കാലത്ത് വൻതോതിൽ വിൽപ്പന നടക്കുന്ന മറ്റൊരു മേഖലയാണ് വസ്ത്രവ്യാപാര മേഖല. ഓണത്തിന്റെ പ്രധാന ആകർഷണമായ കസവും മുണ്ടും സാരിയുമടക്കമുള്ള ഓണക്കോടിയുടെ വിൽപ്പന ഇത്തവണയും വൻതോതിൽ നടക്കുമെന്നാണ് വസ്ത്രവ്യാപരികളുടെ പ്രതീക്ഷ

## ഗ്രാൻഡ് ടെക് അഡ്വെഞ്ചർ ഹാക്കത്തോൺ

**തിരുവനന്തപുരം:** കേരള നോളജ് ഇക്കോണമി മിഷനും ജി ടെക് ലേണും സംയുക്തമായി കോഡ് സ്റ്റോം എന്ന പേരിൽ ഗ്രാൻഡ് ടെക് അഡ്വെഞ്ചർ ഹാക്കത്തോൺ ആലുവ കെ.എം.ഇ.എ എൻജിനിയറിംഗ് കോളേജിൽ 19, 20 തീയതികളിൽ നടത്തും. ഹാർഡ്വെയർ, സോഫ്റ്റ്വെയർ, ഡിസൈൻ ആൻഡ് സിവിൽ എൻജിനിയറിംഗ് മേഖലകളിലാണ് പ്ലേസ്മെന്റ് കേന്ദ്രീകൃത ഹാക്കത്തോൺ നടക്കുക. മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന മത്സരാർത്ഥികൾക്ക് പ്രമുഖ കമ്പനികളിൽ തൊഴിലവസരങ്ങൾ ലഭിക്കും. 24 മണിക്കൂർ നീണ്ടുനിൽക്കുന്ന ഹാക്കത്തോണിൽ വിജയികളാവുന്നവർക്ക് ഒരു ലക്ഷം രീപ വരെ സമ്മാനത്തുക ലഭിക്കും. mulearn.org/Kkem-gta എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യാം.



## ഉജ്ജ്വല ബാല്യം പുരസ്കാരം

**കൊച്ചി:** കല, കായികം, സാഹിത്യം, ശാസ്ത്രം, സാമൂഹികം, പരിസ്ഥിതി സംരക്ഷണം, ഐ ടി മേഖല , കൃഷി, മാലിന്യ സംസ്ക്കരണം, ജീവകാരുണ്യ പ്രവർത്തനം, ക്രാഫ്റ്റ് , ശില്പനിർമ്മാണം, അസാമാന്യ ധൈര്യത്തിലൂടെ നടത്തിയ പ്രവർത്തനം എന്നീ മേഖലകളിൽ അസാധാരണ കഴിവ് പ്രകടിപ്പിക്കുന്ന 6 വയസ്സിനും 18 വയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികളെ കത്തെി പ്രോത്സാഹിപ്പിക്കുന്നതിന് വേി കുട്ടികൾക്ക് 'ഉജ്ജ്വല ബാല്യം പുരസ്കാരം'ഒരു ജില്ലയിൽ നിന്ന് 4 കുട്ടികൾ എന്ന രീതിയിൽ ആണ് പുരസ്കാരം നൽകുന്നത്. ഉജ്ജ്വല ബാല്യം പുരസ്കാരത്തിനായി താഴെ പറയുന്ന മാനദണ്ഡങ്ങൾക്ക് അനുസരിച്ചുള്ള അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.ഉജ്ജ്വല ബാല്യ പുരസ്കാരത്തിനായി കുട്ടികളെ 6-11 വയസ്സ്, 12-18 വയസ്സ് എന്നീ 2 വിഭാഗങ്ങളിലായി തരം തിരിച്ച് ഓരോ വിഭാഗങ്ങളിലെയും ഓരോ കുട്ടിയ്ക്ക് പുരസ്കാരവും 25000 രൂപ വീതവും നൽകുന്നതാണ്.ഭിന്നശേഷി വിഭാഗത്തിലെ കുട്ടികളെ പ്രത്യേക വിഭാഗമായി പരിഗണിക്കുകയും ടി കുട്ടികളെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ 611 വയസ്സ്, 1218 വയസ്സ്എന്നീ 2 വിഭാഗങ്ങളിലായി തരം തിരിച്ച് ഓരോ വിഭാഗങ്ങളിലെയും ഓരോ കുട്ടിയ്ക്ക് പുരസ്കാരവും 25000 രൂപ വീതവും നൽകുന്നതാണ്. 2022 ജനുവരി 1 മുതൽ 2022 ഡിസംബർ 31വരെയുള്ള കാലയളവിലെ പ്രാഗത്ഭ്യമാണ് അവാർഡിന് പരിഗണിക്കുന്നത്.കല, കായികം, സാഹിത്യം, ശാസ്ത്രം, സാമൂഹികം, പരിസ്ഥിതി സംരക്ഷണം, ഐ ടി മേഖല , കൃഷി, മാലിന്യ സംസ്ക്കരണം, ജീവകാരുണ്യ പ്രവർത്തനം, ക്രാഫ്റ്റ് , ശില്പനിർമ്മാണം, അസാമാന്യ ധൈര്യത്തിലൂടെ നടത്തിയ പ്രവർത്തനം എന്നീ മേഖലകളിൽ കഴിവ് തെളിയിച്ചിട്ടുള്ളവരായിരിക്കണം (ഇതുമായി ബന്ധപ്പെട്ടു ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകൾ, പ്രശസ്തി പത്രങ്ങൾ, കുട്ടിയുടെ പേരിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകമുെങ്കിൽ ആയതിന്റെ പകർപ്പ്, കലാ പ്രകടനങ്ങൾ ഉൾക്കൊള്ളുന്ന സി ഡി , പത്രക്കുറിപ്പുകൾ,എന്നിവ അപേക്ഷയോടൊപ്പം ഉൾക്കൊള്ളിക്കേണ്ടതാണ്.).കേന്ദ്രസർക്കാരിന്റെ 'National Child Award for Exceptional Achievement' കരസ്ഥമാക്കിയ കുട്ടികളെ സംസ്ഥാനതല അവാർഡിന് പരിഗണിക്കുന്നതല്ല. ഒരു തവണ ഉജ്ജ്വലബാല്യം പുരസ്കാരം കിട്ടിയ കുട്ടിയെ പരിഗണിക്കുന്നതല്ല.ഒരു ജില്ലയിലെ 4 കുട്ടികൾക്കാണ് അവാർഡ് നൽകുന്നത്.25000/ രൂപയും സർട്ടിഫിക്കറ്റും ട്രോഫിയുമടങ്ങുന്നതാണ് പുരസ്കാരം.അപേക്ഷ ഫോറം www.wcd.kerala.gov.inഎന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകൾ 2023സെപ്റ്റംബർ 15 വൈകിട്ട് 5 നകം എറണാകുളം ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ ലഭ്യമാക്കേണ്ടതാണ്. അപേക്ഷകൾ അയക്കേ വിലാസം ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്, താഴത്തെ നില, എ 3 ബ്ലോക്ക് , സിവിൽ സ്റ്റേഷൻ, കാക്കനാട് 682021 ഫോൺ: 0484 2959177.

## പ്രധാനമന്ത്രി മാതൃവന്ദന യോജന: 31 വരെ അപേക്ഷിക്കാം

**കൊച്ചി:** ഗർഭിണികളായ സ്ത്രീകളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും പോഷണ നിലവാരം ഉയർത്തുക, ആരോഗ്യ പരിരക്ഷ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ വനിതാ ശിശുവികസന വകുപ്പ് നടപ്പാക്കുന്ന പ്രധാനമന്ത്രി മാതൃവന്ദന യോജനയിൽ 31 വരെ അപേക്ഷിക്കാം. അങ്കണവാടികളിലൂടെയോ നേരിട്ടോ https://pmmvy.nic.in വഴി അപേക്ഷ നൽകാം. ആദ്യ പ്രസവത്തിന് 5,000 രൂപയും രാം പ്രസവത്തിൽ പെൺകുഞ്ഞാണെങ്കിൽ 6000 രൂപയും പദ്ധതി പ്രകാരം ബാങ്ക് അക്കൗിലേക്ക് ലഭിക്കും.

## നെഹ്റുട്രോഫി: തുഴത്താളം ചിത്ര പ്രദർശനം ഇന്ന് തുടങ്ങും

**ആലപ്പുഴ:** നെഹ്റുട്രോഫി ജലോത്സവത്തിന് മുന്നോടിയായി ആലപ്പുഴ പ്രസ് ക്ലബ്ബ്, എൻ ടി ബി ആർ പബ്ലിസിറ്റി കമ്മറ്റിയുമായി സഹകരിച്ച് തുഴത്താളം2023 എന്ന പേരിൽ ചിത്ര പ്രദർശനം സംഘടിപ്പിക്കുന്നു. നാളെ (ഓഗസ്റ്റ് 10) രാവിലെ പത്തിന് ആലപ്പുഴ സബ് കളക്ടർ സൂരജ് ഷാജി പ്രദർശനം ഉദ്ഘാടനം ചെയ്യും. പ്രസ് ക്ലബ് പ്രസിഡന്റ് എസ് സജിത്ത് അധ്യക്ഷത വഹിക്കും. പബ്ലിക് റിലേഷൻസ് വകുപ്പ് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ചന്ദ്രഹാസൻ വടുതല മുഖ്യാതിഥിയായിരിക്കും. ജില്ലാ ഇൻഫർമേഷൻ ഓഫീസർ കെ എസ് സുമേഷ് പങ്കെടുക്കും. പ്രസ് ക്ലബ്ബ് സെക്രട്ടറി ടി കെ അനിൽകുമാർ സ്വാഗതവും ജോയിന്റ് സെക്രട്ടറി ബിനീഷ് പുന്നപ്ര നന്ദിയും പറയും. ആഗസ്റ്റ് 12 വരെ ലളിതകല അക്കാദമി ആർട്ട് ഗ്യാലറിയിലാണ് ആലപ്പുഴയിലെ പ്രസ് ഫോട്ടോഗ്രാഫർമാർ പകർത്തിയ ജലമേളയുടെ മനോഹരമായ ഫ്രെയിമുകൾ അടങ്ങിയ ചിത്രങ്ങൾ പ്രദർശിപ്പിക്കുക

# പന്തപ്രയിലെത്തിയ ആദിവാസി കോളനി നിവാസികൾക്ക് താമസിക്കാൻ പ്രത്യേക ക്രമീകരണം ഒരുക്കും



**കൊച്ചി:** വന്യജീവി ഭീഷണിയെ തുടർന്ന് കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിലെ പന്തപ്രയിലേക്കെത്തിയ വാരിയം, ഉറിയംപെട്ടി തുടങ്ങിയ ആദിവാസി കോളനി നിവാസികൾക്ക് താമസിക്കാൻ പ്രത്യേക ക്രമീകരണം ഒരുക്കും. ഈ വിഷയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ എൻ.എസ്. കെ ഉമേഷിന്റെ നേതൃത്വത്തിൽ ചേർന്ന അവലോകന യോഗത്തിലാണ് തീരുമാനം.നേരത്തെ പന്തപ്ര പുനരധിവാസ പാക്കേജ് പ്രകാരം പുന രധിവസിപ്പിച്ച കുടുംബങ്ങളിൽ ചിലരുടെ സ്ഥലത്താണ് നിലവിൽ ഇവർ കുടിൽകെട്ടി താമസിക്കുന്നത്. ഇക്കാരണത്താൽ അവിടെ കൂടുതൽ ക്രമീകരണങ്ങൾ ഒരുക്കുന്നതിൽ പരിമിതിയുടണ്ട്. അതിനാൽ കോളനിക്ക് സമീപമുള്ള വന ഭൂമിയിൽ താൽക്കാലിക താമസ സൗകര്യം ഒരുക്കും.കുടിവെള്ളം, വൈദ്യുതി, ശുചിമുറികൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ഇവിടെ ക്രമീകരിക്കും. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി കോതമംഗലം താലൂക്ക് തഹസിൽദാരുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുകളെ പങ്കെടുപ്പിച്ചുകൊണ്ട് പ്രത്യേക യോഗം ചേരും. ഓണത്തിന് മുൻപ് പുതിയ സ്ഥലത്തേക്ക് ആളുകളെ മാറ്റി പാർപ്പിക്കുകയാണ് ലക്ഷ്യം.പന്തപ്ര കോളനിക്ക് സമീപം അപകടകരമായി നിൽക്കുന്ന 17 മരങ്ങൾ സർവേയിലൂടെ കണ്ടെത്തിയിട്ടുണ്ട്. ഇവ അടിയന്തരമായി മുറിച്ചു നീക്കും.കോതമംഗലം താലൂക്ക് ഓഫീസിൽ ചേർന്ന യോഗത്തിൽ മലയാറ്റൂർ ഡി. എഫ്. ഒ രവികുമാർ മീണ, ദുരന്തനിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ ഉഷ ബിന്ദു മോൾ, കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കാന്തി വെള്ളക്കയ്യൻ, മൂവാറ്റുപുഴ റവന്യൂ ഡിവിഷ്ണൽ ഓഫീസർ പി.എൻ അനി, തഹസിൽദാർമാരായ റേച്ചൽ .കെ. വർഗീസ്, കെ.എം നാസർ, ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ അനിൽ ഭാസ്കർ, കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് അംഗം കെ.കെ. ഗോപി, ഗ്രാമപഞ്ചായത്ത് അംഗം ബിനേഷ് നാരായണൻ, ഊര് മൂപ്പൻ കുട്ടൻ ഗോപാലൻ, ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## വിദ്യാസമ്പന്നരുടെ ഇടയിൽ കുടുംബ ബന്ധങ്ങൾ തകരുന്നത് വർധിക്കുന്നു

**കൊച്ചി:** വിദ്യാസമ്പന്നരുടെ ഇടയിൽ കുടുംബ ബന്ധങ്ങൾ ശിഥിലമാകുന്നത് വർധിക്കുന്നതിനെതിരേ ജാഗ്രത പുലർത്തണമെന്ന് കേരള വനിതാ കമ്മീഷൻ. എറണാകുളം ജില്ലാ പഞ്ചായത്ത് പ്രിയദർശിനി ഹാളിൽ നടന്ന സിറ്റിങ്ങിൽ വനിതാ കമ്മീഷൻ അംഗങ്ങളായ അഡ്വ. ഇന്ദിരാ രവീന്ദ്രൻ, അഡ്വ. എലിസബത്ത് മാമ്മൻ മത്തായി, വി.ആർ. മഹിളാ മണി എന്നിവർ പരാതികൾ പരിഗണിച്ചു. ജാഗ്രതാ സമിതികൾ ശക്തമാകേണ്ടതുണ്ടെന്നും കമ്മീഷൻ വിലയിരുത്തി. എറണാകുളം ജില്ലാതല സിറ്റിംഗിന്റെ ആദ്യ ദിനം എട്ടു പരാതികൾ തീർപ്പാക്കി. നാല് പരാതികൾ പോലീസ് റിപ്പോർട്ടിനായി അയച്ചു. മൂന്ന് പരാതിയിൽ പരാതിക്കാർക്ക് കൗൺസലിങ് നൽകാൻ തീരുമാനിച്ചു. ശേഷിക്കുന്ന 26 പരാതികൾ അടുത്ത അദാലത്തിൽ പരിഗണിക്കും. കുടുംബ പ്രശ്നങ്ങൾ, അയൽക്കാർ തമ്മിലുള്ള പ്രശ്നങ്ങൾ, സ്വകാര്യ സ്ഥാപനങ്ങളിൽ സ്ത്രീ തൊഴിലാളികൾ വരുമാന സംബന്ധമായി നേരിടുന്ന വിവേചനം തുടങ്ങിയ പരാതികളാണ് കമ്മീഷൻ മുൻപാകെ എത്തിയത്. കുടുംബ പ്രശ്നങ്ങൾ വിദ്യാസമ്പന്നർക്കിടയിലും ഏറി വരുന്നതിൽ കമ്മീഷൻ ആശങ്ക പ്രകടിപ്പിച്ചു. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കമ്മീഷന്റെ നേതൃത്വത്തിൽ സെമിനാറുകൾ, ബോധവൽക്കരണ പരിപാടികൾ, പ്രീ മാരിറ്റൽ കൗൺസിലിംഗ് എന്നിവ നടത്തി വരുന്നുണ്ട്. വനിതാ കമ്മീഷൻ ഡയറക്ടർ ഷാജി സുഗുണൻ, പാനൽ അഡ്വക്കറ്റുമാരായ അഡ്വ. വി.എ. അമ്പിളി, അഡ്വ. സ്മിത ഗോപി, കൗൺസലർ ബി. സന്ധ്യ എന്നിവർ അദാലത്തിന് നേതൃത്വം നൽകി.

## വള്ളത്തിൽ കയറാം, വള്ളംകളി കാണാം: വെർച്വൽ അനുഭവമൊരുക്കി എൻ.ടി.ബി.ആർ സൊസൈറ്റി

**ആലപ്പുഴ:** ചുണ്ടൻ വള്ളത്തിൽ കയറി തുഴച്ചിൽക്കാർക്കൊപ്പം നിന്ന് വള്ളംകളി കാണാനും വള്ളംകളിയുടെ ദൃശ്യഭംഗി 360 ഡിഗ്രിയിൽ ആസ്വദിക്കാനും അവസരമൊരുക്കി എൻ.ടി.ബി.ആർ സൊസൈറ്റി. വെർചൽ റിയാലിറ്റിയുടെ സാധ്യതകൾ ഉപയോഗിച്ചാണ് ഇത് സാധ്യമാക്കിയിരിക്കുന്നത്. പ്രത്യേകം തയ്യാറാക്കിയ വാഹനത്തിലാണ് വി.ആർ. സംവിധാനം തയ്യാറാക്കിയിട്ടുള്ളത്. വാഹനത്തിന്റെ ഫ്ളാഗ് ഓഫ് കളക്ടറേറ്റിൽ എൻ.ടി.ബി.ആർ. സൊസൈറ്റി ചെയർപേഴ്സൺ ജില്ല കളക്ടർ ഹരിത വി. കുമാർ നിർവഹിച്ചു. ഒരേ സമയം മൂന്ന് പേർക്ക് വരെ വി.ആർ. കാഴ്ചകൾ ആസ്വദിക്കാനാകും. സ്കൂൾ വിദ്യാർഥികൾക്കായി പ്രത്യേക മത്സരവും വാഹനത്തിൽ ഒരുക്കിയിട്ടുണ്ട്. ലൂഥറൻ ഹയർ സെക്കണ്ടറി സ്കൂൾ, പൂങ്കാവ് മേരി ഇമ്മാക്കുലേറ്റ് സ്കൂൾ, ആലപ്പുഴ ബീച്ച് എന്നിവിടങ്ങളിലാണ് ഇന്നലെ പര്യടനം നടത്തിയത്. വെള്ളിയാഴ്ച്ച വരെ ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ വാഹനം പര്യടനം നടത്തും.

# ജീവിതത്തിൽ റീടേക്കുകളില്ല; ഓർമ്മപ്പെടുത്തലുമായി ട്രാഫിക് പോലീസിന്റെ ബോധവത്കരണ ചിത്രം




**കൊച്ചി:** ഡ്രൈവിംഗിനിടെ ഒറ്റ നിമിഷത്തെ അശ്രദ്ധ കൊണ്ട് ജീവിതം മാറി മറിയും. ട്രാഫിക് നിയമങ്ങൾ പാലിച്ചുള്ള ഡ്രൈവിംഗ് നമുക്കും ചുറ്റുമുള്ളവർക്കും സന്തോഷവും സമാധാനവുമാണ് നൽകുക. ജീവിതത്തിൽ സിനിമയിലേപ്പോലെ റീടേക്കുകളില്ലെന്ന് ഓർമ്മപ്പെടുത്തുകയാണ് കൊച്ചി സിറ്റി ട്രാഫിക് പോലീസ് പുറത്തിറക്കിയ ശുഭയാത്ര ട്രാഫിക് ബോധവത്കരണ ചിത്രം. കൊച്ചി സിറ്റി ട്രാഫിക് പോലീസിന്റെ ട്രാഫിക് ബോധവൽക്കരണ പരിപാടി ശുഭയാത്രയുടെ ഭാഗമായി തയാറാക്കിയ ഹ്രസ്വ ചിത്രത്തിന്റെ ആദ്യപ്രദർശനം ഷേണായിസ് തീയറ്ററിൽ നടന്നു.കൊച്ചി മേയർ അഡ്വ. എം. അനിൽ കുമാർ, ജില്ലാ കളക്ടർ എൻ. എസ്. കെ ഉമേഷ്, ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ഷാജു.കെ.വർഗീസ്, ഡെപ്യൂട്ടി കളക്ടർ നിഷാന്ത് സിഹാര എന്നിവർ ചേർന്ന് ആദ്യ പ്രദർശനം ഉദ്ഘാടനം ചെയ്തുചിത്രം മനസിൽ വലിയ സ്വാധീനമുണ്ടാക്കിയെന്നും ലക്ഷ്യസ്ഥാനത്തെത്താൻ വേഗതയിൽ വാഹനമോടിച്ച് അപകടമുണ്ടാക്കു ന്നതിനേക്കാൾ കുറച്ചു വൈകിയാലും കുഴപ്പമില്ല എന്ന ബോധം മനസിലുണ്ടാക്കാൻ ചിത്രത്തിന് സാധിച്ചു വെന്നും കൊച്ചി മേയർ അഡ്വ. എം. അനിൽ കുമാർ പറഞ്ഞു. മികച്ച സന്ദേശമാണ് സാങ്കേതിക മികവോടെ തയാറാക്കിയ ചിത്രം നൽകുന്നതെന്ന് ജില്ലാ കളക്ടർ എൻ. എസ്.കെ ഉമേഷ് പറഞ്ഞു. വാഹനമോടിക്കുമ്പോഴും റോഡിൽ സഞ്ചരിക്കുമ്പോഴും ഏറെ ശ്രദ്ധ പുലർത്തണം. അത്രയധികം ശ്രദ്ധിച്ചാലേ നമ്മുടെ ജീവിതവും നല്ല രീതിയിൽ ആകുകയുള്ളൂ എന്നും അദ്ദേഹം പറഞ്ഞു. ചിത്രത്തിനു വേണ്ടി പ്രവർത്തിച്ച പോലീസ് സേനക്കും ചിത്രത്തിന്റെ അണിയറ പ്രവർത്തകർക്കും അദ്ദേഹംഅഭിനന്ദനങ്ങൾ അറിയിച്ചു.നിത്യജീവിതത്തിൽ ശ്രദ്ധക്കുറവ് മൂലം ഉണ്ടാകുന്ന റോഡ് അപകടങ്ങളെ പ്രമേയമാക്കിയുള്ള ചിത്രം സംവിധാനം ചെയ്തിരിക്കുന്നത് കെ.എം. ലറീഷ് ആണ്. നടൻ മോഹൻലാലും ചിത്രത്തിന്റെ ഭാഗമായിട്ടുണ്ട്. ചവറ ഫിലിം സ്കൂളിന്റെ സഹായത്തോടെയാണ് നിർമ്മാണം.റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ എൻഫോഴ്സ്മെന്റ് എസ്. പി. സ്വപ്ന, സംവിധായകൻ മേജർ രവി, പോലീസ് ഉദ്യോഗസ്ഥർ, എസ്. ആർ. വി, സെന്റ് ആൽബർട്ട് എന്നി സ്കൂളിലെ വിദ്യാർത്ഥികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# മിഷൻ ഇന്ദ്രധനുഷ് 5.0: ജില്ലാതല പരിപാടിക്ക് തുടക്കമായി

**അഞ്ചു വയസിൽ താഴെയുള്ള കുട്ടികളുടെ പ്രതിരോധ കുത്തിവപ്പുകൾ, ഗർഭിണികൾക്കായുള്ള കുത്തിവപ്പുകൾ എന്നിവ കൃത്യമായി എടുക്കുന്നതിനും വാക്സിൻ വഴി പ്രതിരോധിക്കാവുന്ന രോഗങ്ങളെ തടയുന്നതിനുമാണ് മിഷൻ ഇന്ദ്രധനുഷ് പദ്ധതി നടപ്പിലാക്കുന്നത്**

**കൊച്ചി:** സമ്പൂർണ്ണ വാക്സിനേഷൻ പ്രതിരോധയജ്ഞമായമിഷൻ ഇന്ദ്രധനുഷ് തീവ്രയജ്ഞം 5.0 ജില്ലാതല പരിപാടിക്ക് തുടക്കമായി. മരട് നഗരസഭയിൽ നടന്ന ചടങ്ങിൽ മിഷൻ ഇന്ദ്രധനുഷിന്റേയും അതിനോടനുബന്ധിച്ചുള്ള യു വിൻ പോർട്ടലിന്റെ ഉദ്ഘാടനവും നഗരസഭാ ചെയർമാൻ ആന്റണി ആശാംപറമ്പിൽ നിർവ്വഹിച്ചു.മിഷൻ ഇന്ദ്രധനുഷ് തീവ്രയജ്ഞത്തിന്റെ ഭാഗമായി വാക്സിനേഷനോട് വിമുഖത കാണിക്കുന്നവരെ കത്തെി പ്രതിരോധ വാക്സിനുകൾ എടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ചെയർമാൻ പറഞ്ഞു. ഇതിനായി ഭവന സന്ദർശനവും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കും. ആശ പ്രവർത്തകർ ഉൾപ്പെടെയുള്ളവരുടെ സഹായത്താൽ സമ്പൂർണ്ണ വാക്സിനേഷൻ എന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ വേ നടപടികൾ കൈക്കൊള്ളുമെന്നും അദ്ദേഹം പറഞ്ഞു.അഞ്ചു വയസിൽ താഴെയുള്ള കുട്ടികളുടെ പ്രതിരോധ കുത്തിവപ്പുകൾ, ഗർഭിണികൾക്കായുള്ള കുത്തിവപ്പുകൾ എന്നിവ കൃത്യമായി എടുക്കുന്നതിനും വാക്സിൻ വഴി പ്രതിരോധിക്കാവുന്ന രോഗങ്ങളെ തടയുന്നതിനുമാണ് മിഷൻ ഇന്ദ്രധനുഷ് പദ്ധതി നടപ്പിലാക്കുന്നത്.നെട്ടൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നടന്ന പരിപാടിയിൽ വൈസ് ചെയർപേഴ്സൺ അഡ്വ.രശ്മി സനിൽ അധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.കെ സവിത, ആർ.സി.എച്ച് ഓഫീസർ ഡോ.കെ.എൻ. സതീഷ്, സ്ഥിരം സമിതി അധ്യക്ഷന്മാരായ പി.ഡി.രാജേഷ്, ചന്ദ്രകലാധരൻ, മിനി ഷാജി, ബെൻഷാദ് നടുവില വീട്, കൗൺസിലർമാരായ സി.ആർ. ഷാനവാസ്, കൗൺസിലർമാരായ മോളി ഡെന്നി, ഇ.പി.ബിന്ദു , ശാലിനി അനിൽ രാജ്, ജയ ജോസഫ് , ഡോ.ബി.എസ് ശ്രീകുമാരി ,ഡോ. സൗമ്യ, എം.സി.എച്ച് ഇൻ ചാർജ് റഷീദ ബീവി, ഷാജു. പി.ജോൺ എന്നിവർ സംസാരിച്ചു. സ്കൂൾ ഓഫ് നേഴ്സിംഗ് പി.എസ് മിഷൻ ഹോസ്പിറ്റലിലെ വിദ്യാർത്ഥികൾ വാക്സിനേഷൻ ഫ്ളാഷ് മോബ് അവതരിപ്പിച്ചു. കൂടാതെ പ്രതിരോധ കുത്തിവപ്പുകൾ കൃത്യമായി എടുത്ത കുട്ടികൾക്ക് സമ്മാനദാനം, പോസ്റ്റർ രചന മത്സരം എന്നിവയും സംഘടിപ്പിച്ചു.



# കെ.വി.വി.ഇ.എസ് വ്യാപാരി ദിനാചരണം നടത്തി

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി (കെ.വി.വി.ഇ.എസ്)ന്റെ നേതൃത്വത്തിൽ വ്യാപാരി ദിനാചരണം നടത്തി. കെ.വി.വി.ഇ.എസ് എളമക്കര യൂണിറ്റിന്റെ നേതൃത്വത്തിൽ നടന്ന ദിനാചരണത്തിൽ എളമക്കര വ്യാപാര ഭവനുമുന്നിൽ യൂണിറ്റ് പ്രസിഡന്റ് എഡ്വേർഡ് ഫോസ്റ്റസ് പതാക ഉയർത്തി. കെ.വി.വി.ഇ.എസ് യൂത്ത് വിങ് സംസ്ഥാന സെക്രട്ടറി പ്രദീപ് ജോസ്, യൂണിറ്റ് സെക്രട്ടറി മനോജ് കുമാർ, വൈസ് പ്രസിഡന്റ് മോഹൻദാസ്,വനിതാ വിങ് നിയോജകമണ്ഡലം ജനറൽ സെക്രട്ടറി ഷക്കീല ഉൾപ്പെടെ യൂണിറ്റിലെ മുഴുവൻ കമ്മിറ്റിയംഗങ്ങളും പ്രവർത്തകരും ചടങ്ങിൽ പങ്കെടുത്തു. തുടർന്ന് മധുരപലഹാരവും വിതരണം ചെയ്തു. കെ.വി.വി.ഇ.എസ് യൂത്ത് വിങ് എറണാകുളം നിയോജകണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ വ്യാപാരി ദിനാചരണത്തിന്റെ ഭാഗമായി കലൂരിലെ ടി നസറുദ്ദീൻ സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചനയും ഭക്ഷണ വിതരണവും നടത്തി. യൂത്ത് വിംഗ് നിയോജകമണ്ഡലം പ്രസിഡന്റ് പ്രദീപ് ജോസിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ കെ.വി.വി.ഇ.എസ് എറണാകുളം ജില്ലാ ജനറൽ സെക്രട്ടറി അഡ്വ.എ.ജെ റിയാസ്, നിയോജകമണ്ഡലം പ്രസിഡന്റ് എം സി പോൾസൺ, നിയോജകമണ്ഡലം സെക്രട്ടറി എഡ്വേർഡ് ഫോസ്റ്റസ്, കലൂർ യൂണിറ്റ് പ്രസിഡന്റ് കെ എ നാദിർഷാ, നിയോജകമണ്ഡലം ജനറൽ. സെക്രട്ടറി വി.ജംഷീർ, നിയോജകമണ്ഡലം ട്രഷറർ റ്റിജോ തോമസ്, സി വി രാജു, കെ സി അനസ്, സജി സ്റ്റാൻലി, ജലീൽ സി, വി വി ഫ്രാൻസിസ്, ഷിഹാബ് വി എ , അഭിലാഷ് എൻ എ, നടരാജൻ സി, ജയ പീറ്റർ, ഷിബി നാദിർഷാ, മരിയ ബാബു, ഷക്കീല സുകൃതൻ, സനോജ് എസ്, സലീം മൂസ എന്നിവർ പങ്കെടുത്തു. എറണാകുളം സിറ്റി നോർത്ത് യൂണിറ്റിന്റെ നേതൃത്വത്തിൽ നടന്ന ദിനാചരണത്തിന്റെ ഭാഗമായി യൂണിറ്റ് പ്രസിഡന്റ് തദേവൂസ് പതാക ഉയർത്തി. വർക്കിംഗ് പ്രസിഡന്റ് നൗഷാദ്,ജനറൽ സെക്രട്ടറി ജോസഫ് ജോളി, ജോയിന്റ് സെക്രട്ടറി അൻവർ റ്റി.ബി, യൂത്ത് വിംഗ് യൂണിറ്റ് പ്രസിഡണ്ട് അഭിലാഷ്, വനിത വിങ് പ്രസിഡണ്ട് റഷീദ ഹംസ തുടങ്ങിയവർ സംസാരിച്ചു.തുടർന്ന് മധുര പലഹാരവും വിതരണം ചെയ്തു.

# മേരി മാട്ടി മേരാ ദേശ് ; എന്റെ മണ്ണ് എന്റെ രാജ്യം പരിപാടിക്ക് തുടക്കമായി

**കൊച്ചി:** സ്വാതന്ത്ര്യത്തിന്റെ 75ാം വാർഷികം ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി രാജ്യമെമ്പാടും നടന്നു വരുന്ന പരിപാടികളുടെ സമാപനം കുറിച്ച് ക്വിറ്റ് ഇന്ത്യ ദിനമായ ഓഗസ്റ്റ് 9 മുതൽ 15 വരെ നടത്തുന്ന മേരി മാട്ടി മേരാ ദേശ്(എന്റെ മണ്ണ് എന്റെ രാജ്യം) പരിപാടിക്ക് ജില്ലയിൽ തുടക്കമായി. കേന്ദ്ര സംസ്ഥാന സർക്കാരുകൾ, പഞ്ചായത്തിരാജ് സ്ഥാപനങ്ങൾ, സൈനിക അർദ്ധ സൈനിക വിഭാഗങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാമൂഹ്യ സന്നദ്ധ സംഘടനകൾ എന്നിവയുടെ സജീവ പങ്കാളിത്തത്തോടെയാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്. പ്രാദേശിക തലത്തിൽ സ്വാതന്ത്ര്യ സമര സേനാനികളെയും രാജ്യസുരക്ഷയ്ക്കായി പ്രവർത്തിച്ചവരെയും ആദരിക്കും. പരിപാടികളിൽ സേനാനികളുടെയും രാജ്യസുരക്ഷയ്ക്കായി വീരമൃത്യു വരിച്ചവരുടെയും കുടുംബങ്ങളെ പങ്കെടുപ്പിക്കും. വീരമൃത്യു വരിച്ചവർക്ക് ആദരാഞ്ജലികൾ അർപ്പിക്കും. പഞ്ച പ്രാൺപ്രതിജ്ഞയുടെ ഭാഗമായി രാജ്യത്തിന്റെ ഐക്യത്തിനും പരമാധികാരത്തിനും വേ എല്ലാ ഗ്രാമങ്ങളിലെയും ജനങ്ങൾക്ക് പ്രതിജ്ഞ ചൊല്ലിക്കൊടുക്കും. ഓരോ ഗ്രാമപഞ്ചായത്തും വസുധ വന്ദൻ പരിപാടിയിൽ 75 വൃക്ഷതൈകൾ നടും.

# മുഖാമുഖ സമ്പർക്ക പരിപാടി സംഘടിപ്പിക്കുന്നു

**കൊച്ചി:**കരസേനയുടെ മദ്രാസ് റെജിമെന്റിൽ നിന്ന് വിരമിച്ച് എറണാകുളം ജില്ലയിൽ താമസക്കാരായ സൈനികർക്കും സൈനികരുടെ വിധവകൾക്കും വേ മദ്രാസ് റെജിമെന്റിന്റെയും എറണാകുളം ജില്ലാ സൈനികക്ഷേമ ഓഫീസിന്റെയും ആഭിമുഖ്യത്തിൽ വിവിധ പെൻഷൻ സംബന്ധമായ സംശയ നിവാരണത്തിനും പരാതി പരിഹാരത്തിനുമായി മുഖാമുഖ സമ്പർക്ക പരിപാടി നടത്തുന്നു . ആഗസ്റ്റ് 23ന് രാവിലെ 11 മുതൽ കാക്കനാട് സൈനിക റെസ്റ്റ് ഹൗസിലാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഫോൺ : 0484 242223

# ക്വിറ്റ് ഇന്ത്യ സമര വാർഷികം: സ്വാതന്ത്ര്യ സമര സേനാനി എം.ഐ വർഗീസിനെ ആദരിച്ചു



**കൊച്ചി:** ക്വിറ്റ് ഇന്ത്യ സമര വാർഷികത്തിന്റെ ഭാഗമായി സ്വാതന്ത്ര്യ സമര സേനാനിയായ കോതമംഗലം, തങ്കളം മണ്ണാറപ്രായിൽ വീട്ടിൽ ഷെവലിയാർ എം.ഐ വർഗീസിനെ ജില്ലാ കളക്ടർ എൻ.എസ്. കെ ഉമേഷ് ആദരിച്ചു. തങ്കളത്തെ വസതിയിൽ നേരിട്ടെത്തിയ കളക്ടർ രാഷ്ട്രപതി ഭവനിൽ നിന്ന് എത്തിച്ച അംഗവസ്ത്രവും പൊന്നാടയും അണിയിച്ചു. രാജ്യത്ത് ആകെ തിരഞ്ഞെടുക്കപ്പെട്ട അറുപത് സ്വാതന്ത്ര്യ സമര സേനാനികൾക്കാണ് ഈ ആദരം നൽകുന്നത്. അതിൽ കേരളത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട ഏക വ്യക്തിയാണ് അദ്ദേഹം.രാജ്യത്തിന് വേി പോരാടിയ ഇത്തരമൊരു വ്യക്തിയെ സർക്കാരിന് വേി ആദരിക്കാൻ അവസരം ലഭിച്ചതിൽ ഏറെ അഭിമാനം തോന്നുന്നു എന്നും എല്ലാവിധ ആശംസകളും നേരുന്നു എന്നും ജില്ലാ കളക്ടർ പറഞ്ഞു. അൽപ നേരം അദ്ദേഹവുമായും കുടുംബാഗങ്ങളുമായും ആശയവിനിമയം നടത്തിയ ശേഷമാണ് കളക്ടർ മടങ്ങിയത്. കോതമംഗലം താലൂക്ക് തഹസിൽദാർ റേച്ചൽ. കെ.വർഗീസ് മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ കളക്ടർക്കൊപ്പം ഉായിരുന്നു.

## കരുതലും കൈത്താങ്ങും അദാലത്ത്: രാജഗോപാലന് മുചക്ര സ്കൂട്ടർ സമ്മാനിച്ചു



കൊച്ചി: പറവൂർ താലൂക് കരുതലും കൈത്താങ്ങും അദാലത്തിലാണ് 76 കാരനായ രാജഗോപാലൻ മുചക്ര സ്കൂട്ടറിനുള്ള അപേക്ഷയുമായി മന്ത്രി പി രാജീവിനെയും കളക്ടറേയും സമീപിക്കുന്നത്. അനുഭാവപൂർണ്ണമാണ് വായോധികന്റെ അപേക്ഷ ഇരുവരും പരിഗണിച്ചത്.മരണാനന്തര ചടങ്ങുകളിൽ പരികർമിയായി പോയി കിട്ടുന്ന തുച്ഛമായ വരുമാനം കൊാണ് കാഴ്ച പരിമിതിയുള്ള ഭാര്യയും മാനസിക പ്രയാസം അനുഭവിക്കുന്ന മകനും ഉൾപ്പെടുന്ന രാജഗോപാലന്റെ കുടുംബം ജീവിക്കുന്നത്.അടുത്തിടെ വാഹനാപകടത്തിൽ ഗുരുതര പരുക്കേറ്റതോടെ പരസഹായമില്ലാതെ യാത്ര ചെയ്യാൻ കഴിയാതെ ആയതോടെയാണ് മുചക്ര സ്കൂട്ടറിനുള്ള അപേക്ഷയുമായി രാജഗോപാൽ അദാലത്തിൽ എത്തിയത്.കളക്ടർ എൻ എസ് കെ ഉമേഷ് പീസ് വാലി ഭാരവാഹികളുടെ ശ്രദ്ധയിൽ വിഷയം എത്തിച്ചു. കളക്ടറുടെ അഭ്യർത്ഥന ഏറ്റെടുത്ത പീസ് വാലിയോടൊപ്പം പ്രശസ്ത ന്യൂറോ സർജൻ ഡോ അരുൺ ഉമ്മനും ചേർന്നത്തോടെയാണ് ഒന്നേകാൽ ലക്ഷം രൂപ വിലവരുന്ന മുചക്ര സ്കൂട്ടർ യാഥാർഥ്യമായത്. പീസ് വാലിയിൽ നടന്ന ചടങ്ങിൽ രാജഗോപാലൻ കളക്ടറുടെ കയ്യിൽ നിന്നും താക്കോൽ ഏറ്റുവാങ്ങി. പീസ് വാലി ചെയർമാൻ പി എം അബൂബക്കർ വാഹനത്തിന്റെ രേഖകൾ കൈമാറി.ഉപാധ്യക്ഷരായ കെ.എം.എസ് മുഹമ്മദ്, സമീർ പൂക്കുഴി, രാജീവ് പള്ളുരുത്തി, കെ എച്ച് ഹമീദ്, ഭാരവാഹികളായ റഷീദ് കോട്ടയിൽ, ഷംസുദീൻ നെടുമണ്ണിൽ, ജോൺസൻ ജോർജ്, പി എം അഷ്റഫ് എന്നിവർ സന്നിഹിതരായിരുന്നു.

# വനിതാ സംരംഭകർക്ക് പ്രോൽസാഹന പദ്ധതി പ്രഖ്യാപിക്കണം : വ്യാപാരി വ്യവസായി ഏകോപന സമിതി




കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എറണാകുളം ജില്ലാ കമ്മിറ്റി ജില്ലാ വ്യാപാരഭവൻ ഹാളിൽ സംഘടിപ്പിച്ച വനിത സെമിനാർ ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് പി.സി.ജേക്കബ്ബ് ഉദ്ഘാടനം ചെയ്യുന്നു. ഫ്രാൻസിസ് തേവര, സി.എസ്.അജ്മൽ, അഡ്വ.എ.ജെ. റിയാസ്, സുബൈദ നാസർ, സിനിജ റോയി, സുനിത വിനോദ്,അബ്ദുൾ റസാഖ്, എം.സി പോൾസൺ തുടങ്ങിയവർ സമീപം

**കൊച്ചി:** വനിതാ സംരംഭങ്ങൾക്ക് സ്റ്റാർട്ടപ്പ് മാതൃകയിൽ പ്രത്യേക പ്രോത്സാഹന പദ്ധതി പ്രഖ്യാപിക്കണമെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി (കെ.വി.വി.ഇ.എസ്) സംസ്ഥാന വൈസ് പ്രസിഡന്റ് പി.സി.ജേക്കബ്ബ്. വ്യാപാരി ദിനത്തോടനുബന്ധിച്ച് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എറണാകുളം ജില്ലാ കമ്മിറ്റി ജില്ലാ വ്യാപാരഭവൻ ഹാളിൽ സംഘടിപ്പിച്ച വനിത സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഏകോപന സമിതി വനിതാ വിങ് സംസ്ഥാന പ്രസിഡന്റ് സുബൈദ നാസർ അദ്ധ്യക്ഷത വഹിച്ചു. ജില്ല ജനറൽ സെക്രട്ടറി അഡ്വ.എ.ജെ. റിയാസ്, ട്രഷറർ സി.എസ്.അജ്മൽ, എം.സി.പോൾസൺ, ജയപീറ്റർ, സിനിജ റോയി, സുനിത വിനോദ്, ഫ്രാൻസിസ് തേവര തുടങ്ങിയവർ സംസാരിച്ചു.മോട്ടിവേഷണൽ സ്പീക്കർ അരുൺ ജോസ് സെമിനാറിൽ മോഡറേറ്ററായിരുന്നു.

# തെരുവോരക്കച്ചവടം നിയന്ത്രിച്ചില്ലെങ്കിൽ പ്രക്ഷോഭം ; കെ.വി.വി.ഇ.എസ് യൂത്ത് വിങ് മേയർക്ക് നിവേദനം നൽകി



തെരുവോര കച്ചവടം നിയന്ത്രിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നും വ്യാപാര സ്ഥാപനങ്ങളിൽ കെട്ടികിടക്കുന്ന മാലിന്യങ്ങൾ ഉടൻ നീക്കണമെന്നും ആവശ്യപ്പെട്ട് കെവിവിഇഎസ് യൂത്ത് വിങ് സംസ്ഥാന സെക്രട്ടറി പ്രദീപ് ജോസിന്റെ നേതൃത്വത്തിൽ കൊച്ചി മേയർ അഡ്വ.എം അനിൽകുമാറിന് നിവേദനം നൽകുന്നു.ജംഷീർ വാഴയിൽ,റ്റിജോ തോമസ്, എൻ എ അഭിലാഷ് എന്നിവർ സമീപം

**കൊച്ചി:** വ്യാപാരികളെ നോക്കുകുത്തികളാക്കി നടക്കുന്ന തെരുവോര കച്ചവടം നിയന്ത്രിക്കാൻ കൊച്ചി കോർപ്പറേഷൻ അടിയന്തര നടപടി സ്വീകരിക്കണമെന്നും വ്യാപാര സ്ഥാപനങ്ങളിൽ കെട്ടികിടക്കുന്ന മാലിന്യങ്ങൾ ഉടൻ നീക്കണമെന്നും ആവശ്യപ്പെട്ട് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി(കെ.വി.വി.ഇ.എസ്) യൂത്ത് വിങ് കൊച്ചി മേയർ അഡ്വ.എം അനിൽകുമാറിന് നിവേദനം നൽകി. യൂത്ത് വിങ് സംസ്ഥാന സെക്രട്ടറി പ്രദീപ് ജോസിന്റെ നേതൃത്വത്തിൽ എറണാകുളം നിയോജകമണ്ഡലം ജനറൽ സെക്രട്ടറി ജംഷീർ വാഴയിൽ, ട്രഷറർ റ്റിജോ തോമസ്, യൂത്ത് വിംഗ് സിറ്റി നോർത്ത് യൂണിറ്റ് പ്രസിഡന്റ് എൻ എ അഭിലാഷ് എന്നിവരുൾപ്പെട്ട സംഘമാണ് നിവേദനം നൽകിയത്. ഇനിയും നടപടിയില്ലെങ്കിൽ വ്യാപാര സമൂഹം തെരുവിലറങ്ങുമെന്നും നേതാക്കൾ വ്യക്തമാക്കി. യാതൊരു വിധ നിയന്ത്രണവുമില്ലാതെ നടക്കുന്ന വഴിയോരക്കച്ചവടം മൂലം വ്യാപാരികൾ കടുത്ത പ്രതിസന്ധിയാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. വായ്പയെടുത്തും പലിശയ്ക്ക് പണം കടമെടുത്തും വ്യാപാര സ്ഥാപനങ്ങൾ നടത്തുന്ന ചെറുകിട,ഇടത്തരം വ്യാപാരികളുടെ പ്രതീക്ഷ ഓണക്കച്ചവടമാണ്. ലൈസൻസ് ഫീസ്,വാടക,ടാക്സ്,തൊഴിലാളികളുടെ ശമ്പളം എന്നിവയൊക്കെ കൊടുത്ത് സ്ഥാപനങ്ങൾ നടത്തുന്ന വ്യാപാരികളെ നോക്കുകുത്തികളാക്കി വഴിയോര കച്ചവടം പൊടിപൊടിക്കുമ്പോൾ സ്ഥാപനങ്ങൾ നടത്തുന്ന വ്യാപാരി സമൂഹം കച്ചവടമില്ലാതെ കടം പെരുകി ആത്മഹത്യയുടെ വക്കിലുമാണ്. ഇനിയും ഇത് അംഗീകരിക്കാൻ കഴിയില്ല. ഓണക്കാലം അടുത്തുവന്നിരിക്കുന്ന സാഹചര്യത്തിൽ വഴിയോരക്കച്ചവടത്തെ നിയന്ത്രിച്ചു കൊണ്ട് വ്യാപാര സ്ഥാപനങ്ങൾ വഴി കച്ചവടം നടത്തുന്ന വ്യാപാരികളെ സംരക്ഷിക്കണമെന്നും അല്ലാത്ത പക്ഷം വ്യാപാരികൾ പ്രക്ഷോഭവുമായി തെരുവിലിറങ്ങുമെന്നും കെ.വി.വി.ഇ.എസ് യൂത്ത് വിങ് മുന്നറിയിപ്പു നൽകി. കോർപ്പറേഷന്റെ അനാസ്ഥമൂലം പേരിനുമാത്രം ചിലയിടങ്ങൾ ഒഴികെ ഭൂരിഭാഗം വ്യാപാര സ്ഥാപനങ്ങളിലും മാസങ്ങളായി മാലിന്യം നീക്കാതെ കുന്നുകൂടി കിടക്കുകയാണ്. പല തവണ ഇത് ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും നാളിതുവരെ നടപടിയുണ്ടായിട്ടില്ലെന്നും മുഴുവൻ വ്യാപാര സ്ഥാപനങ്ങളിലെയും മാലിന്യം നീക്കാൻ നടപടിവേണമെന്നും നിവേദത്തിൽ ആവശ്യപ്പെട്ടു.

# ഇന്ത്യൻ കോളേജ് ഓഫ് കാർഡിയോളജി കേരള ചാപ്റ്റർ വാർഷിക സമ്മേളനം

**കൊച്ചി:** തിരുവനന്തപുരം: ഇന്ത്യൻ കോളേജ് ഓഫ് കാർഡിയോളജി കേരള ചാപ്റ്ററിന്റെ വാർഷിക സമ്മേളനം ഓഗസ്റ്റ് 12, 13 തീയതികളിൽ തിരുവനന്തപുരം ഹയാത്ത് റീജൻസിയിൽ നടക്കും.ഹൃദയാഘാതം അടക്കമുള്ള ഹൃദ്രോഗങ്ങളുടെ പ്രതിരോധം, രോഗ നിർണ്ണയം, നൂതന മരുന്നുകൾ, മാർഗ്ഗരേഖകൾ, ചികിത്സ രീതികൾ, സങ്കീർണ്ണതകൾ, നൂതന  ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ എന്നിവ സമ്മേളനം ചർച്ച ചെയ്യുമെന്ന് ഓർഗനൈസിംഗ് സെക്രട്ടറിയും, എസ്.കെ ഹോസ്പിറ്റലിലെ സീനിയർ ഇന്റർവെൻഷണൽ കാർഡിയോളജിസ്റ്റുമായ ഡോ.അർഷാദ് എം പറഞ്ഞു.വിദഗ്ധരായ ഫാക്കൽറ്റിയുടെ നേതൃത്വത്തിൽ നടക്കുന്ന ഇരുപത്തിയേഴ് ശാസ്ത്ര സെഷനുകളാണ് സമ്മേളനത്തിൽ ഒരുക്കിയിട്ടുള്ളത്.  ഇന്ത്യൻ കോളേജ് ഓഫ് കാർഡിയോളജി കേരള ചാപ്റ്റർ പ്രസിഡന്റ് ഡോ.ശശികുമാർ എം സമ്മേളനം ഉദ്ഘാടനം ചെയ്യും. മുഖ്യാതിഥികളായ ഡോ.സായി സതീഷ്, ഡോ.ആർ.അനന്തരാമൻ, നിയുക്ത പ്രസിഡന്റ്  ഡോ.വിനോദ് തോമസ്, സെക്രട്ടറി ഡോ. പ്ലാസിഡ് സെബാസ്റ്റ്യൻ, ട്രഷറർ ഡോ.സുജയ് രംഗ, ,  ഓർഗനൈസിങ്ങ്  ചെയർമാൻ ഡോ. മംഗളാനന്ദൻ പി , ഓർഗനൈസിങ് സെക്രട്ടറി ഡോ. അർഷാദ് എം. എന്നിവർ സംസാരിക്കും. ആൻറിഡയബറ്റിക് മരുന്നുകളും ഹൃദയാഘാതവും, കാർഡിയാക് പ്രാക്ടീസിലെ നൂതന മരുന്നുകൾ, ക്രമരഹിതമായ ഹൃദയമിടിപ്പ്, അമിതമായ കൊളസ്ട്രോളിനുള്ള പുതിയ ചികിത്സാ രീതികൾ, ഹൃദയത്തിലെ വൈകല്യങ്ങൾ അടയ്ക്കുന്നതിനുള്ള സമീപനങ്ങൾ എന്നിവ അക്കാദമിക് ചർച്ചകളിൽ  ഉൾപ്പെടുന്നു.അത്യന്താധുനിക കത്തീറ്റർ ചികിത്സകൾ, ഏറ്റവും പുതിയ സ്റ്റെന്റ് സാങ്കേതികവിദ്യ, പ്രാഥമിക ആൻജിയോപ്ലാസ്റ്റി, ബൈഫർക്കേഷൻ പിസിഐ, മൾട്ടി വെസൽ പിസിഐ, പൂർണ്ണമായ ബ്ലോക്കുകൾ, കാർഡിയാക് ഇമേജിംഗ് സാങ്കേതിക വിദ്യകൾ, വാൽവ് മാറ്റി വെക്കൽ,  എന്നിവക്കായുള്ള ഏറ്റവും പുതിയ ചികിത്സാ രീതികളും മാർഗ്ഗരേഖകളും വിദഗ്ദ്ധർ വിശദീകരിക്കും.പ്രമുഖ ദേശീയ ഫാക്കൽറ്റികളും, മുന്നൂറിലധികം ഹൃദ്രോഗ വിദഗ്ധരും സമ്മേളനത്തിൽ പങ്കെടുക്കും.

# മെൻ ഓഫ് പ്ലാറ്റിനം പുതിയ ശേഖരം പുറത്തിറക്കി

**കൊച്ചി:** പുരുഷന്മാരുടെ അന്തസത്തയും കരുത്തും പ്രതിനിധീകരിക്കുന്ന പുതിയ ശേഖരം അവതരിപ്പിച്ച് മെൻ ഓഫ് പ്ലാറ്റിനം. 95% ശുദ്ധമായ പ്ലാറ്റിനത്താൽ നിർമിച്ചിരിക്കുന്ന പുതിയ ശേഖരം, തീർത്തും അനുപമവും അർഥപൂർണവുമായ ഒരു രൂപകൽപ്പന ഭാഷയാണ് വിളിച്ചോതുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. അസാധാരണ പുരുഷന്മാരുടെ മൂല്യങ്ങളും നിലവാരവും പ്രതിഫലിപ്പിക്കുന്നതാണ് ഇതിലെ ഓരോ ഘടകങ്ങളും. ചെയിനുകൾ, പെൻ്റന്റുകൾ, റിസ്റ്റ് വെയറുകൾ എന്നിവ ഉൾപ്പെടുന്ന പുതിയ മെൻ ഓഫ് പ്ലാറ്റിനം ശേഖരം. ഒറ്റപ്പെട്ട റോസ് ഗോൾഡ് ഫേസറ്റുകളുടെ ഒരു ശ്രേണിയെ അനായാസമായി ബന്ധിപ്പിക്കുന്ന പ്ലാറ്റിനം ആർച്ച്ഡ് ബ്രിഡ്ജ് ബ്രേസ്‌ലെറ്റാണ് പുതിയ ശേഖരത്തിൽ പ്രധാനപ്പെട്ട ഒന്ന്. ഒരിക്കലും മങ്ങുകയോ നിറം മാറുകയോ ചെയ്യാത്ത ഈ ലോഹം പ്ലാറ്റിനത്തിലാണ് രൂപകൽപന ചെയ്തിരിക്കുന്നത്. സൂക്ഷ്മമായ ചാരുതയുടെയും ദൃഢതയുടെയും ആകെത്തുകയാണ് പ്ലാറ്റിനം ഗിൽഡഡ് ആക്സന്റ്സ് റിസ്റ്റ് വെയർ. ലളിതമായ കുർത്ത പൈജാമ ലുക്കിന് ചേരുന്ന ആഭരണമാണിത്. എത്നിക് ഫ്യൂഷൻ ലുക്കിലേക്ക് എളുപ്പത്തിൽ ഒരു ആഡംബരം കൂട്ടി ചേർക്കാനും ഇതിലൂടെ കഴിയും. ധരിക്കുന്നയാളുടെ വൈവിധ്യമാർന്ന വ്യക്തിത്വത്തെ എടുത്തുകാട്ടുന്നതാണ് നീല നിറത്തിലുള്ള പ്ലാറ്റിനം സെറീൻ ബ്ലൂ ക്യൂബ് റിങ്. ശക്തമായ ഹോൾഡുള്ള കയർ പോലെയുള്ള വളച്ചൊടിച്ച ബ്രെയ്ഡ് ഉള്ളതാണ് പ്ലാറ്റിനം റോപ്പ് ചെയിൻ. സെമിഫോർമൽ ബ്ലേസർ രൂപത്തിന് അനുയോജ്യമായ കൂട്ടിച്ചേർക്കലായിരിക്കും



ഇത്. ഓവർലാപ്പുചെയ്യുന്ന വശങ്ങളും സങ്കീർണമായ ലൂപ്പുകളും ഉപയോഗിച്ച് ആകർഷകമാക്കിയതാണ് പ്ലാറ്റിനം ഓവർലേ പാറ്റേൺ ചെയിൻ. കുർത്തയിലും പരമ്പരാഗത വസ്ത്രങ്ങളിലും ആകർഷകമായ ഒരു ഡിസൈനും ഈ ഡ്യുവൽടോൺ ചെയിൻ സൃഷ്ടിക്കുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി

# ആദിവാസി പൈതൃക ദേശിയ ശിൽപശാലയ്ക്ക് തുടക്കം കുറിച്ചു

**കൊച്ചി :** സംഘടിതാബോധവും അടിസ്ഥാന വിദ്യാഭ്യാസവും കിട്ടാത്തവരാണ് തങ്ങളുടെ സമൂഹമെന്നും ഇവരുടെ ഉന്നമനത്തിനുവേണ്ടി ഇതുപോലെയുള്ള ശിൽപശാലകൾ സംഘടിപ്പിച്ചാൽ മാത്രമേ ഇവർക്ക് അതിനുള്ള അറിവുകൾ ലഭിക്കുകയുള്ളുവെന്നു കേരളത്തിലെ ഏക ആദിവാസി രാജാവായ രാമൻ രാജമന്നൻ അഭിപ്രായപ്പെട്ടു.  ലോകആദിവാസി ദിനത്തോടനനുബന്ധിച്ച് ഇന്ദിരാഗാന്ധി നാഷണൽ സെന്റർ ഫോർ ആർട്സ് റീജിയണൽ സെന്റർ തൃശ്ശൂർ, നാഷണൽ മ്യൂസിയം ഓഫ് നാച്ച്യുറൽ ഹിസ്റ്ററി റീജിനൽ സെന്റർ മൈസൂർ, ഇന്ത്യ ഹെറിറ്റേജ് ആന്റ് മ്യൂസിയം ഫീൽഡ് സ്കൂൾ കൊച്ചി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഇടമലക്കുടി ഗ്രാമ പഞ്ചായത്ത്, മഹാരാജാസ് കോളേജ്, ചാവറ കൾച്ചറൽ സെന്റർ, എറണാകുളം കരയോഗം, ഫോക് ലാന്റ്, തമ്പ്, മൂഴിക്കുളം ശാല, എന്നിവയുടെ സഹകരണത്തോടെ  സംഘടിപ്പിച്ച 5 ദിവസം നീണ്ടു നില്ക്കുന്ന ആദിവാസി പൈതൃക ശില്പശാല  ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.



ഇന്ദിരാഗാന്ധി സെന്റർ ഫോർ ആർട്സ് റീജിയണൽ ഡയറക്ടർ ഡോ. മാനസി രഘുനന്ദൻ മുഖ്യപ്രഭാഷണം നടത്തി. ഇന്ത്യ ഹെറിറ്റേജ് ആന്റ് മ്യൂസിയം ഫീൽഡ് സ്ക്കൂൾ ഡയറക്ടർ ഡോ. ബി. വേണുഗോപാൽ, വാഴച്ചാൽ കാടർ ഉരുവിലെ ടാറ്റ സംവാദ് അവാർഡ് ജേതാവായ ബിബിത എസ്,  മൂഴിക്കുളം ശാല ഡയറക്ടർ ടി.ആർ പ്രേം കുമാർ, ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി.എം. ഐ., ന്യൂ ദൽഹി അസിസ്റ്റന്റ് ഡയറക്ടർ അനിത സൂരി എന്നിവർ പ്രസംഗിച്ചു.

## പരിശീലന കളരി

**കൊച്ചി:** ബിസിനസ് ഡിജിറ്റലൈസേഷൻ പ്രക്രിയയിൽ ആദ്യ ചുവടുകൾ വെക്കാൻ ആഗ്രഹിക്കുന്ന സംരംഭകർക്ക് വേി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന സ്ഥാപനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രെണർഷിപ് ഡെവലപ്മെൻറ് (KIED)4 ദിവസത്തെ പരിശീലന കളരി നടത്തുന്നു. ഡിജിറ്റൽ സംരംഭകത്വത്തിനായുള്ള അടിസ്ഥാന വൈദഗ്ധ്യങ്ങളും ഉൾക്കാഴ്ചകളും പരിശീലനത്തിലൂടെ ലഭിക്കും.കൂടാതെ ഒരു സംരംഭകന്റെ ബിസിനസ്സിനെ കൂടുതൽ കാര്യക്ഷമവും വിജയകരവും ഉപഭോക്തൃ ആവശ്യങ്ങളോട് പ്രതികരിക്കുന്നതും ഡിജിറ്റൽ ടൂളുകൾക്ക് എങ്ങനെ നൽകാമെന്ന് പര്യവേക്ഷണം ഈ പരിശീലനത്തിലൂടെ നൽകും. 25 മണിക്കൂർ നീനിൽക്കുന്ന ഈ പരിശീലന കളരിയിൽ സംരംഭം തുടങ്ങിയ വനിതകൾക്കും പുരുഷന്മാർക്കും അപേക്ഷിക്കാവുന്നതാണ്. എറണാകുളം, കളമശ്ശേരിയിലുള്ള കീഡ് ക്യാമ്പസിൽ  ആഗസ്റ്റ് 16 മുതൽ 19 വരെയാണ് പരിശീലനം നടക്കുന്നത്. അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെയും മൈക്രോസോഫ്റ്റിന്റെയും നേതൃത്വത്തിൽ നടക്കുന്ന ഈ പരിശീലന കളരിയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ കീഡ് ന്റെ വെബ്സൈറ്റ് ( www.kied.info) മുഖേന ആഗസ്റ്റ് 10 ന് മുൻപ്പ് അപേക്ഷ സമർപ്പിക്കേണ്ടതാണ്. കോഴ്സ് ഫീ, സർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം, ജി എസ് റ്റി ഉൾപ്പെടെ  2,360  രൂപയും താമസം ഇല്ലാതെ 1,180/ രൂപയുമാണ് ഈ പരിശീലനത്തിന്റെ ഫീസ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക 0484 2532890/ 2550322/7012376994

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൻറെ പടമുഗൾ, പാലച്ചുവടിലുള്ള സാറ്റലൈറ്റ് ടൗൺഷിപ്പ് സ്റ്റുഡിയോ ഫ്ലാറ്റ് നിർമ്മാണത്തിലേയ്ക്കുള്ള ഭൂമിയിൽ നിൽക്കുന്ന ആഞ്ഞിലി മരം 1 പാലമരം 2, വട്ടമരം 4. അമ്പഴമരം എന്നിവ വാങ്ങുന്നതിനും നിലവിലുള്ള ഭൂമി നിരപ്പിൽ മുറിച്ചു നീക്കം ചെയ്യുന്നതിലേയ്ക്കും ക്വട്ടേഷൻ ക്ഷണിച്ചു.അവസാന തീയതി : ഓഗസ്റ്റ് 19.വിശദവിവരങ്ങൾക്കായി ഓഫീസ് സമയത്ത് താഴെ പറയുന്ന ഫോൺ നമ്പറിലോ, എറണാകുളം ബോട്ടു ജെട്ടിക്ക് സമീപമുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ കാര്യാലയത്തിൽ നേരിട്ടോ ബന്ധപ്പെടേണ്ടതാണ്. ഫോൺ നമ്പർ 04842369059

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ ധനസഹായത്തോടെ ആലുവ, മട്ടാഞ്ചേരി ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങൾ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട യുവതി യുവാക്കൾക്കായി നടത്തുന്ന മൂന്ന് ദിവസത്തെ സൗജന്യ കൗൺസിലിംഗ് ക്ലാസ് പാത്  സോഷ്യൽ ലൈഫ് വെൽനെസ്സ് പ്രോഗ്രാം 2023 2024 സംഘടിപ്പിക്കുന്നതിനായി  ജില്ലയിലെ സർക്കാർ/ എയ്ഡഡ് / അഫിലിയേറ്റഡ് കോളേജുകൾ, അംഗീകാരമുള്ള സംഘടനകൾ, മഹല്ല് ജമാഅത്തുകൾ, ചർച്ച് കമ്മിറ്റികൾ വഖ്ഫ് ബോർഡ് തുടങ്ങിയവയിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു.ക്ലാസുകൾ നടത്താനുള്ള സൗകര്യം സംഘാടകർ ഒരുക്കണം. 35 പേരിൽ കുറയാത്ത, ക്ലാസ്സിൽ പങ്കെടുക്കാൻ തയ്യാറുള്ള യുവതി യുവാക്കളുടെ ലിസ്റ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കണം.  ജില്ലയിലെ അപേക്ഷകർ ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളായ ആലുവ മട്ടാഞ്ചേരി പ്രിൻസിപ്പൽമാർക്ക്  ആഗസ്റ്റ് 19 നകം അപേക്ഷ സമർപ്പിക്കണം. ഫോൺ : 9847383617, 7356637887

## സ്കോൾ കേരള സ്വയംപഠനസഹായികൾ വിൽപ്പനയ്ക്ക്

**കൊച്ചി:** പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലെ സ്കോൾകേരളയിൽ ഹയർസെക്കണ്ടറി ഒന്നും രും വർഷ വിദ്യാർത്ഥികൾക്കുള്ള ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി എന്നീ വിഷയങ്ങളുടെ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത് സ്വയംപഠന സഹായികളുടെ വിൽപ്പന തുടരുന്നു. സ്കോൾകേരള എറണാകുളം ജില്ലാ ഓഫീസിൽ നിന്നും ഇവ ലഭ്യമാണ്.സ്കോൾകേരള ഓപ്പൺ റഗുലർ കോഴ്സ് വിദ്യാർത്ഥികൾ ഉൾപ്പടെ ഹയർസെക്കണ്ടറി കോഴ്സ് പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും പ്രയോജനപ്പെടും വിധം ഹയർസെക്കണ്ടറി പാഠപുസ്തകത്തിന്റെ ഉള്ളടക്കത്തെ അടിസ്ഥാനമാക്കി സമഗ്രവും ശാസ്ത്രീയവും ലളിതവുമായ രീതിയിൽ സ്വയം പഠിക്കാവുന്ന തരത്തിലാണ് സ്വയംപഠന സഹായികൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തിരിക്കുന്നത്. ഹയർസെക്കണ്ടറി പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നതിനായി ഓരോ പാഠഭാഗത്തിനും അനുബന്ധമായി പ്രധാന ചോദ്യങ്ങളും ഉൾപ്പെടുത്തിയിട്ടു്. സംസ്ഥാനത്തെ ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്ക് പാഠപുസ്തകത്തോടൊപ്പം സ്വയംപഠന സഹായികളും ഉൾപ്പെടുത്താമെന്ന് സ്കോൾ കേരള എക്സിക്യുട്ടീവ് ഡയറക്ടർ അറിയിച്ചു. വിശദവിവരങ്ങൾക്ക് എറണാകുളം ജില്ലാ ഓഫീസിലെ 04842377537, 9447913820 തുടങ്ങിയ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## സംരംഭകത്വം പ്രോത്സാഹിപ്പിക്കാൻ ശിൽപശാല

**കൊച്ചി:** ജില്ലാ വ്യവസായ കേന്ദ്രത്തിന്റെയും മൂവാറ്റുപുഴ താലൂക്ക് വ്യവസായ ഓഫീസിന്റെയും നേതൃത്വത്തിൽ ആവോലി പഞ്ചായത്തിൽ പൊതു ബോധവൽക്കരണ ശില്പശാല സംഘടിപ്പിച്ചു. സംസ്ഥാനത്ത് ശക്തമായ തൊഴിൽ സംസ്കാരം വളർത്തുക, സുസ്ഥിരവികസനം സാധ്യമാക്കുക എന്നീ ലക്ഷ്യത്തോടെയാണ് ശില്പശാല സംഘടിപ്പിച്ചത്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാധാകൃഷ്ണൻ ഉദ്ഘാടനം നിർവഹിച്ചു.കഴിഞ്ഞവർഷം ആരംഭിച്ച എന്റെ സംരംഭം നാടിന്റെ അഭിമാനം പദ്ധതിയുടെ തുടർച്ചയാണ് ഈ വർഷം നടപ്പാക്കുന്നത്. പദ്ധതിയുടെ ഭാഗമായി കഴിഞ്ഞവർഷം ആരംഭിച്ച സംരംഭങ്ങൾ നിലനിൽക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും, അവർക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്യും. അതിനാൽ 202224 സാമ്പത്തിക വർഷം സംരംഭകത്വ വർഷം 2.0 ആയാണ് ആചരിക്കുന്നത്.ഉൽപാദന, സേവന, വാണിജ്യ മേഖലകളിൽ സംരംഭം ആരംഭിക്കുവാൻ താല്പര്യമുള്ളവർക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ചും സംരംഭം ആരംഭിക്കുന്നതിന് ലഭ്യമാക്കേ ലൈസൻസ്, ക്ലിയറൻസ് എന്നിവയെക്കുറിച്ചും ശില്പശാലയിൽ അവബോധം നൽകി. പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് ഷെൽമി ജോൺസ് അധ്യക്ഷത വഹിച്ചു. മൂവാറ്റുപുഴ ബ്ലോക്ക് വ്യവസായ വികസന ഓഫീസർ എ. മുഹമ്മദ് റാസി ക്ലാസ് നയിച്ചു. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ സിബിൽ സാബു, പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോർജ് വർഗീസ്, വിവിധ സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷരായ ആൻസമ്മ വിൻസന്റ്, വി.എസ്. ഷെഫാൻ, ബിന്ദു ജോർജ്, പഞ്ചായത്ത് സെക്രട്ടറി എസ് മനു, എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവ് എം ആർ യദുകൃഷ്ണൻ, വിവിധ പഞ്ചായത്ത് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

## വെയർഹൗസ് ആന്റ് ഇൻവെന്ററി മാനേജ്മെന്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന സർക്കാർ സ്ഥാപനമായ കെൽട്രോൺ എസ്.എസ്.എൽ.സി / പ്ലസ് ടു യോഗ്യതയുള്ള വിദ്യാർത്ഥികൾക്കായി ഏറ്റവും പുതിയ തൊഴിലധിഷ്ഠിത കോഴ്സുകളിലൊന്നായ വെയർഹൌസ് ആന്റ് ഇൻവെന്ററി മാനേജ്മെന്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു.എല്ലാ വിഭാഗത്തിൽപെടുന്ന വിദ്യാർത്ഥികൾക്കും ഫീസ് ഇളവ് ഉള്ള ഈ കോഴ്സിന്റെ ദൈർഘ്യം 3 മാസം ആണ്. ലോകമെമ്പാടും അനുദിനം വളർന്നു കൊിരിക്കുന്നതും നിരവധി തൊഴിൽ അവസരങ്ങൾ വന്നുകൊിരിക്കുന്നതുമായ മേഖലയാണ് വെയർഹൗസ് ആന്റ് ഇൻവെന്ററി മാനേജ്മെന്റ്. ലോജിസ്റ്റിക്സ് ആന്റ് സപ്ലൈ ചെയിൻ മേഖലയിലെ വളരെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് വെയർഹൗസ് ആന്റ് ഇൻവെന്ററി മാനേജ്മെന്റ്. വെയർഹൌസ്, ഇൻവെന്ററി മാനേജ്മെന്റ്, ഡാറ്റ എൻട്രി എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന കോഴ്സ് ഈ മേഖലയിലെ തൊഴിലവസരങ്ങൾ എളുപ്പത്തിൽ നേടിയെടുക്കുവാൻ സഹായകരമാകുന്ന രീതിയിൽ രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്. കേരളത്തിലെ വിവിധ കെൽട്രോൺ നോളഡ്ജ് സെന്ററുകളിലൂടെ നടത്തുന്ന കോഴ്സിനെ കുറിച്ചു കൂടുതൽ അറിയുന്നതിനായി 8136802304 / 0484 2632321 നമ്പറുകളിൽ ബന്ധപ്പെടാം.

## പ്രീമെട്രിക് സ്കോളർഷിപ്പ്: സ്കൂളുകൾ വിവരങ്ങൾ ലഭ്യമാക്കണം

**കൊച്ചി:** സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 9,10 ക്ലാസുകളിൽ പഠിക്കുന്ന ഒബിസി/ഇബിസി/ഇഡബ്ല്യുഎസ് (Economically Backward Classes/Economically Weaker Sections-പൊതു വിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾ) വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ജ്ഞഥഅടഅഢക ഒബിസി/ഇസിബി പ്രീ മെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതിയുടെ സ്കൂൾ അധികൃതർക്കുള്ള നിർദ്ദേശങ്ങൾ അടങ്ങിയ സർക്കുലർ പുറപ്പെടുവിച്ചിട്ട്. സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളുടെ അപേക്ഷകൾ സെപ്റ്റംബർ 16 ന്കം സ്വീകരിച്ച്, ലഴൃമിേ 3.0എന്ന പോർട്ടലിലൂടെ സെപ്റ്റംബർ 30 നകം സ്കൂൾ അധികൃതർ ഓൺലൈൻ ഡാറ്റാ എൻട്രി പൂർത്തീകരിക്കണം. വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന സർക്കുലർ (അപേക്ഷാ ഫോറം മാതൃക ഉൾപ്പടെ)
www.egratnz.kerala.gov.in, www.bcdd.kerala.gov.inഎന്നീ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചിട്ടു്. കൂടുതൽ വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഓഫീസുമായി ബന്ധപ്പെടാം. ഫോൺ:എറണാകുളം മേഖലാ ഓഫീസ് 0484 2983130.

# കൊച്ചിയിൽ നിന്നും പാലായ്ക്കരി വരെ ജലയാത്രയുമായി കെഎസ്ഐഎൻസി




**കൊച്ചി:** സംസ്ഥാന സർക്കാർ സ്ഥാപനമായ കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (KSINC), മത്സ്യഫെഡ്, പാലായ്ക്കരി യൂണിറ്റുമായി സഹകരിച്ച് പുതിയ ബാക്ക് വാട്ടർ ക്രൂയിസ് ആർംഭിക്കുന്നു. ഈ മാസം 13 ന് രാവിലെ 10 ന് എറണാകുളം മറൈൻ ഡ്രൈവിൽ നിന്നുമാണ് ആദ്യയാത്ര പുറപ്പെടുന്നത്. മൂന്ന് ജില്ലകളിലെ (എറണാകുളം, ആലപ്പുഴ, കോട്ടയം) ഉൾനാടൻ കാഴ്ചകൾ ആസ്വദിക്കാനുള്ള അവസരമാണ് കെ.എസ്.ഐ.എൻ.സി. യാത്രക്കാർക്ക് ഒരുക്കിയിട്ടുള്ളത്. എറണാകുളം മറൈൻ ഡ്രൈവ് കെ.എസ്.ഐ.എൻ.സി. ക്രൂയിസ് ടെർമിനലിൽ നിന്നും രാവിലെ 10 മണിയ്ക്ക് പുറപ്പെട്ട് കൊച്ചിൻ ഷിപ്പ്യാർഡ്, തേവര, ഇടക്കൊച്ചി, അരൂർ, പാണാവള്ളി, പെരുമ്പളം, പൂത്തോട്ട വഴി ജലമാർഗ്ഗം പാലായ്ക്കരി എത്തി ഉച്ചയൂണും ബോട്ടിംഗും മറ്റ് അനുബന്ധ സൗകര്യങ്ങളും ആസ്വദിച്ചതിനുശേഷം വൈകിട്ട് 5 മണിയോടെ തിരികെ കൊച്ചിയിൽ എത്തുന്നു. പാക്കേജിന് ഒരാൾക്ക് 999/- രൂപയാണ് നിരക്ക് നിശ്ചയിച്ചിരിക്കുന്നത്.യാത്രയിലുടനീളം യാത്രവിവരണങ്ങൾ നൽകുവാൻ ഗൈഡും, ആടാനും പാടാനുമുള്ള അന്തരീക്ഷമൊരുക്കുവാൻ ഗായകരും ഉണ്ടായിരിക്കുന്നതാണ്. ടീ, സ്നാക്സ്, സ്വാദിഷ്ടമായ ഉച്ച ഭക്ഷണം (ഫിഷ് കറി, ഫിഷ് ഫ്രൈ & ഐസ്ക്രീം) എന്നിവയും ലഭ്യമാണ്. മത്സ്യഫെഡ് യൂണിറ്റിൽ ലഭ്യമായ പെഡൽ ബോട്ടുകൾ, കുട്ട വഞ്ചികൾ, തുഴ വഞ്ചികൾ, കയാകുകൾ എന്നിവയും പാക്കേജ് നിരക്കിൽ തന്നെ സൗജന്യമായി ഉപയോഗിക്കാവുന്നതാണ്. മോട്ടോർ ബോട്ട് ഉപയോഗപ്പെടുത്തിയുള്ള ഫാം വിസിറ്റിനും വില്ലേജ് ടൂർ പ്രോഗ്രാമിനും, മെനുവിൽ പെടാത്ത അധിക മത്സ്യ വിഭവങ്ങൾ ഓർഡർ ചെയ്യുന്നതിനും മത്സ്യഫെഡ് നിശ്ചയിച്ചിരിക്കുന്ന നിരക്ക് പ്രകാരം അധികമായി കസ്റ്റമർ നൽകേണ്ടതാണ്.കൂടുതൽ അന്വേഷണങ്ങൾക്കും ബുക്കിംഗിനുമായി 9846211143/9744601234 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## പിന്നണി ഗായകൻ കാർത്തിക് കൊച്ചിയിൽ; ഫെഡറൽ ബാങ്ക് കാർത്തിക് ലൈവ് സെപ്തംബർ രണ്ടിന്

**കൊച്ചി:** പ്രശസ്ത തെന്നിന്ത്യൻ പിന്നണി ഗായകൻ കാർത്തിക് നയിക്കുന്ന തത്സമയ സംഗീത പരിപാടി കൊച്ചിയിൽ. ഫെഡറൽ ബാങ്ക് അവതരിപ്പിക്കുന്ന 'കാർത്തിക് ലൈവ്' സെപ്റ്റംബർ 2ന് അങ്കമാലി അഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ വൈകുന്നേരം 7 മണി മുതൽ നടക്കും. ക്ലിയോനെറ്റ് ഇവന്റ്സ് ആൻഡ് എന്റർടൈൻമെന്റ്സ് ആണ് കാർത്തികിന്റെ കൊച്ചിയിലെ ലൈവ് സംഘടിപ്പിക്കുന്നത്.കഴിഞ്ഞ ദിവസം തന്റെ സോഷ്യൽ മീഡിയ പേജുകളിലൂടെ കാർത്തിക് കൊച്ചിയെ അഭിസംബോധന ചെയ്ത് ഒരു 'ലൈവ്' അവതരിപ്പിക്കാനുള്ള തന്റെ ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. ആരാധകരിൽ നിന്നുള്ള മികച്ച പ്രതികരണത്തിൽ ആവേശഭരിതനായതായി അദ്ദേഹം പറഞ്ഞു. മികച്ച പിന്നണി ഗായകനും സംഗീതസംവിധായകനുമായ കാർത്തിക് മലയാളം, തമിഴ്, തെലുങ്ക്, കന്നഡ, ഒഡിയ, ബംഗാളി, മറാത്തി, ഹിന്ദി തുടങ്ങിയ ഭാഷകളിലായി 8000ലധികം ഗാനങ്ങൾക്ക് തന്റെ ശ്രുതിമധുരമായ ശബ്ദം നൽകിയിട്ടുണ്ട്.1499 രൂപ മുതൽ 14999 രൂപ വരെ വിലയുള്ള ജനറൽ, ബ്രോൺസ്, സിൽവർ, ഗോൾഡ്, പ്ലാറ്റിനം വരെയുള്ള വിവിധ വിഭാഗങ്ങളിൽ ബുക്ക്മൈഷോ വഴി ടിക്കറ്റുകൾ ബുക്ക് ചെയ്യാം. ഫെഡറൽ ബാങ്ക് ഇടപാടുകാർക്ക് ടിക്കറ്റ് നിരക്കിൽ 10% കിഴിവ് ലഭിക്കുന്നതാണ്. ഇതിനായി ഫെഡറൽ ബാങ്ക് ക്രെഡിറ്റ്/ഡെബിറ്റ് കാർഡുകൾ ഉപയോഗിക്കാമെന്നും, യുവാക്കളെയും കുടുംബപ്രേക്ഷകരെയും ഒരുപോലെ ആവേശത്തിലാഴ്ത്താൻ സാധിക്കുന്ന പ്രകടനമാണ് കാർത്തിക്കിന്റേതെന്നും ഫെഡറൽ ബാങ്ക് ചീഫ് മാർക്കറ്റിംഗ് ഓഫീസർ എം.വി.എസ് മൂർത്തി പറഞ്ഞു. പരിപാടിയിൽ 7000ത്തോളം സംഗീതാസ്വാദകരെ പ്രതീക്ഷിക്കുന്നതായും, എല്ലാ സംഗീത പ്രേമികൾക്കും പുതുമയുള്ളതും ആകർഷകവുമായ അനുഭവം വാഗ്ദാനം ചെയ്യുന്നുവെന്ന് ക്ലിയോനെറ്റ് ഇവന്റ്സിന്റെ ഡയറക്ടർമാരായ ബൈജു പോളും അനീഷ് പോളും കൂട്ടിച്ചേർത്തു.കാർത്തികിന്റെ ഇന്ത്യാ പര്യടനത്തിന്റെ തുടക്കം കുറിക്കുന്നതാണ് കൊച്ചിയിലെ പരിപാടി. സെപ്തംബർ 30 ന് ഹൈദരാബാദിലും തുടർന്ന് ഒക്ടോബർ 1ന് മുംബൈയിലും ഏഴിന് ബംഗളൂരുവിലും 'കാർത്തിക് ലൈവ്' നടക്കും. ടിക്കറ്റുകൾ

https://in.bookmyshow.com/events/federalbankpresen-tskarthikliveatcochin/ET00366576 ലിങ്കിൽ ലഭ്യമാണ്.

FEDERAL BANK
YOUR PERFECT BANKING PARTNER

# ട്രിയംഫ് സ്പീഡ് 400 കൊച്ചിയിൽ പുറത്തിറക്കി




**കൊച്ചി:** ഏറെ പ്രതീക്ഷയോടെ കാത്തിരുന്ന ട്രിയംഫ് സ്പീഡ് 400, കൊച്ചിയിലെ ശ്യാമഡയനാമിക് ട്രിയംഫ് ഡിലർഷിപ്പിൽ പുറത്തിറക്കി. ജൂൺ 27ന് ലണ്ടനിൽ ഇന്റർനാഷണൽ ലോഞ്ച് ചെയ്ത ട്രിയംഫ് സ്പീഡ് 400, സ്ക്രാംബ്ലർ 400എക്സ് എന്നീ മോഡലുകൾക്ക് അഭൂതപൂർവമായ പ്രതികരണമാണ് ഉപഭോക്താക്കളിൽ നിന്നും ലഭിക്കുന്നത്. സ്പീഡ് 400നു സ്റ്റൈലിങ്ങും സുഖവും മുതൽ ലഗേജും സുരക്ഷയും വരെയായി 25ലധികം ഒറിജിനൽ ആക്സസ്സറികളിലൂടെ കസ്റ്റമൈസ് ചെയ്യാൻ സാധിക്കും. 16,000 കിലോമീറ്റർ ഇടവേളകളിൽ ഉപഭോക്താക്കൾക്ക് സർവീസ് ലഭിക്കും. 2 വർഷത്തെ പരിധികളില്ലാത്ത മൈലേജ് വാറന്റിയും മറ്റൊരു 3 വർഷത്തേക്കുള്ള എക്സ്റ്റൻഡഡ് വാറന്റിയും ലഭ്യമാണ്. ബജാജ് ഓട്ടോ ലിമിറ്റഡിന്റെ ചകാൻ പ്ലാന്റിൽ നിർമ്മിച്ച സ്പീഡ് 400 കൊച്ചിയിലെ ട്രയമ്പ് ഡീലർഷിപ്പിൽ എക്സ് ഷോറൂം വിലയായ 2.33 ലക്ഷം രൂപക്ക് ലഭ്യമാണ്.ഇന്ത്യൻ മോട്ടോർ സൈക്കിൾ വ്യവസായത്തെ സംബന്ധിച്ചിടത്തോളം ഇത് നാഴികക്കല്ലാണെന്ന് പ്രോബൈക്കിങ് പ്രസിഡന്റ് സുമീത് നരംഗ് പറഞ്ഞു. അനിതരസാധാരണമായ റൈഡിങ്ങ് അനുഭവം നൽകുകയും അതിശക്തമായ ബൈക്കിങ്ങ് സംസ്കാരമുള്ള നഗരമെന്ന് അറിയപ്പെടുന്ന കൊച്ചിയിൽ അഭിനിവേശമുള്ള റൈഡർമാരുടെ ഒരു ശക്തമായ സമൂഹം കെട്ടിപ്പടുക്കുവാനുമുള്ള ആദ്യ ചുവടുവയ്പ്പായിരുന്നു ഇത്. സ്പീഡ് 400 കൂടി കൂട്ടിച്ചേർത്തതോടെ തങ്ങൾ ഡീലർ പങ്കാളികളോടൊപ്പം ബ്രാൻഡ് ട്രിയംഫ്നെ ആവേശഭരിതരായ റൈഡർമാർക്ക് താങ്ങാനാവുന്ന ഒരു പോംവഴിയാക്കി മാറ്റുവാനുള്ള പുതിയൊരു യാത്ര ആരംഭിക്കുകയാണെന്നും സുമീത് നരംഗ് പറഞ്ഞു.സ്പീഡ് 400ന്റെ ബുക്കിങ് തുടരുകയാണ്. ഓൺലൈനിൽ wwwt.riumphmotorcyclesindia.com/booking-ലൂടെ റിസർവ് ചെയ്തു കൊണ്ട് തൽപ്പരരായ ഉപഭോക്താക്കൾക്ക് പരിഗണനാടിസ്ഥാനത്തിൽ ബൈക്ക് സ്വന്തമാക്കാം. അല്ലെങ്കിൽ കൂടുതൽ സഹായത്തിനായി ഏറ്റവും അടുത്തുള്ള ട്രിയംഫ് ഡീലർഷിപ്പ് സന്ദർശിക്കുക.

# യു.എസിൽ ബിസ്നസ് അവസരങ്ങളൊരുക്കി ജിടെക്

**തിരുവനന്തപുരം:** ടെക്നോപാർക്ക് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ടെക്നോളജി സ്ഥാപനം പ്രോംപ്ടെക്കിന്റെ ഡയറക്ടറും ചീഫ് ടെക്നോളജിക്കൽ ഓഫീസറുമായി സിലിക്കൺ വാലിയിലെ പ്രഗത്ഭ സോഫ്റ്റ്‌വെയർ വിദഗ്ധൻ ബിജു അഗസ്റ്റിൻ ചുമതലയേറ്റെടുത്തു. കേരളത്തിലെ ഐ.ടി സംരംഭകർക്ക് ബിസ്നസ് അവസരങ്ങളൊരുക്കാൻ ഐ.ടി കമ്പനികളുടെ കൂട്ടായ്മയായ ജിടെക് നടത്തിയ രണ്ടാഴ്ച്ചത്തെ യു.എസ് സന്ദർശനത്തിന്റെ ഫലമായാണ് ബിജു അഗസ്റ്റിൻ കേരളത്തിലെ ഐ.ടി കമ്പനിയുടെ അമരത്തേക്ക് എത്തുന്നത്. കഴിഞ്ഞ ഏപ്രിൽ 27 മുതൽ മെയ് 10 വരെ ബിസ്നസ് നിക്ഷേപ സാധ്യതകൾക്കായി വിവിധ പരിപാടികളിലും ചർച്ചകളിലും സംബന്ധിക്കാൻ ജിടെക്കിന്റെ നേതൃത്വത്തിൽ 16 ഐ.ടി സംരംഭകരാണ് യു.എസ്.എ സന്ദർശനം നടത്തിയത്. സ്റ്റാർട്ടപ്പ്, എം.എസ്.എം.ഇ, വൻകിട ഐ.ടി കമ്പനികളുടെ വളർച്ചാ സാധ്യതകൾ കണ്ടെത്തുകയും അതിനാവശ്യമായ കാര്യങ്ങൾ നടപ്പാക്കുകയുമായിരുന്ന സന്ദർശന ലക്ഷ്യം. ഇതിന്റെ ഭാഗമായാണ് ബിജു അഗസ്റ്റിൻ പ്രോംപ്ടെക്കിൽ നിയമിതനാകുന്നത്.പ്രോംപ്ടെക്കിന്റെ ആർ ആൻഡ് ഡി ഡിവിഷനും സിലിക്കൺ വാലിയിലെ പുതിയ സ്റ്റാർട്ടപ്പ് ഗ്ലോബൽ ഇന്നവേഷൻ ഓഫീസിനും ബിജു അഗസ്റ്റിൻ നേതൃത്വം നൽകും.പ്രോംപ്ടെക്കിലെ ടീമിനെ നയിക്കാൻ സിലിക്കൺ വാലിയിലെ പ്രമുഖനും പരിചയസമ്പന്നനുമായ ബിജു എത്തിച്ചേരുന്നതിൽ സന്തോഷമുണ്ടെന്നും അദ്ദേഹത്തെ കമ്പനിയിലേക്ക് സ്വാഗതം ചെയ്യുകയാണെന്നും പ്രോംപ്ടെക് സ്ഥാപകനും എക്സിക്യൂട്ടീവ് ഡയറക്ടറുമായ എബി എബ്രഹാം പറഞ്ഞു. ലോകത്തിലെ ഏറ്റവും മികച്ച സാങ്കേതിക പരിസ്ഥിതിയായ സിലിക്കൺ വാലിയിലെ ഇന്നവേഷൻ ഹബ്ബും ഇന്ത്യയിലെ ആഗോള ഡെലിവറി ഡിവിഷനും ഉപഭോക്താക്കൾക്ക് ഉന്നത നിലവാരത്തിലും വിലയിലും ഏറ്റവും പുതിയ സാങ്കേതിക വിദ്യകൾ പ്രദാനം ചെയ്യാൻ കമ്പനിയെ പ്രാപ്തരാക്കുമെന്നും എബി എബ്രഹാം കൂട്ടിച്ചേർത്തു.

# സ്വകാര്യ സ്ഥാപനങ്ങളിലെ ഒഴിവുകളിലേക്ക് അഭിമുഖം

**കൊച്ചി:** ജില്ലാ എംപ്ലോയെന്റ് എക്സ്ചേഞ്ചിൽ പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററിൽ ആഗസ്റ്റ് 19ന് വിവിധ സ്വകാര്യ സ്ഥാപനങ്ങളിലെ ഒഴിവുകളിലേക്ക് അഭിമുഖം നടത്തുന്നു. എസ്.എസ്.എൽ.സി,പ്ലസ്,ബിരുദം, ബി.സി.എ, ബി.ബി.എ. ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്, എം.എസ്.സി കമ്പ്യൂട്ടർ സയൻസ്, എം.സി.എ. (ഓട്ടോമൊബൈൽ/ മെക്കാനിക്ക്, ഐ.ടി.ഐ (എം.എം.വി). ബിടെക്ക്(സി.എസ്, ഐ.ടി, സിവിൽ), ഡി.ഫാം, ബി.ഫാം, എം.ഫാം, ഫാം.ഡി യോഗ്യത ഉള്ളവർക്ക് അഭിമുഖത്തിൽ പങ്കെടുക്കാം. 18 മുതൽ 35 വയസ് വരെയാണ് പ്രായപരിധി. താൽപ്പര്യമുള്ളവർ ആഗസ്റ്റ് 18 നുള്ളിൽ emp.cetnreekm@gmail.com എന്ന ഇമെയിൽ മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഫോൺ : 04842422452, 2427494

# വിഗാർഡ് അറ്റാദായത്തിൽ 20.3 ശതമാനം വർധന

**കൊച്ചി:** മുൻനിര ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഗൃഹോപകരണ നിർമാതാക്കളായ വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് 2023-24 സാമ്പത്തിക വർഷം ആദ്യ പാദത്തിൽ 1214.76 കോടി രൂപ സംയോജിത അറ്റ വരുമാനം നേടി. മുൻ വർഷം ഇതേകാലയളവിലെ 1018.29 കോടി രൂപയിൽ നിന്നും 19.3 ശതമാനമാണ് വളർച്ച രേഖപ്പെടുത്തിയത്. ജൂൺ 30ന് അവസാനിച്ച പാദത്തിൽ 64.22 കോടി രൂപയുടെ സംയോജിത അറ്റാദായവും നേടി. മുൻവർഷത്തെ 53.37 കോടി രൂപയിൽ നിന്നും 20.3 ശതമാനമാണ് ലാഭത്തിലുായ വർധന.ആദ്യ പാദത്തിൽ ബിസിനസ് മികച്ച പ്രകടനമാണ് കാഴ്ചവച്ചത്. എല്ലാ വിഭാഗങ്ങളിലും മികച്ച വളർച്ച കൈവരിക്കാൻ കഴിഞ്ഞെന്ന് വി ഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ മിഥുൻ കെ ചിറ്റിലപ്പിള്ളി പറഞ്ഞു. പ്രതികൂല കാലാവസ്ഥ വടക്കൻ മേഖലയിലെ ബിസിനസിനെ സ്വാധീനിച്ചു. മറ്റു മേഖലകൾ കരുത്തുറ്റ പ്രകടനത്തിലേക്ക് തിരിച്ചെത്തുകയും ചെയ്തു.ചരക്ക് വില കുറയുന്നതിന്റെ സ്വാധീനം, കഴിഞ്ഞ ഏതാനും പാദങ്ങളിലായി ക്രമാനുഗത പുരോഗതിയോടെ മൊത്ത മാർജിനുകളിൽ പ്രതിഫലിച്ചു തുടങ്ങി. വരും പാദങ്ങളിലും കൂടുതൽ പുരോഗതിയുാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇൻവെന്ററി സാധാരണ നിലയിലേക്ക് തിരിച്ചെത്തുകയും ഇത് പണമൊഴുക്ക് ശക്തിപ്പെടുത്താനും സഹായിച്ചു. വരാനിരിക്കുന്ന ഉത്സവ സീസണിൽ നല്ല പ്രതീക്ഷയു്. വരും പാദങ്ങളിലും ഈ വളർച്ച നിലനിർത്താനാകുമെന്ന വിശ്വാസമുന്നും അദ്ദേഹം പറഞ്ഞു

# ഹോണ്ട കാർസ് ഇന്ത്യയും ബജാജ് ഫിനാൻസും കൈകോർക്കുന്നു

**ന്യൂഡൽഹി:**പ്രീമിയം കാറുകളുടെ നിർമ്മാതാക്കളായ ഹോണ്ട കാർസ് ഇന്ത്യ ലിമിറ്റഡ് (എച്ച്സിഐഎൽ) തങ്ങളുടെ ഉപഭോക്താക്കൾക്ക് ആകർഷകവും താങ്ങാനാവുന്നതുമായ സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ബജാജ് ഫിൻസെർവ് ലിമിറ്റഡിന്റെ വായ്പാ വിഭാഗമായ ബജാജ് ഫിനാൻസ് ലിമിറ്റഡുമായി സഹകരിച്ച് പ്രവർത്തിക്കും.ഈ സഹകരണത്തിലൂടെ, ഹോണ്ട അമേസ്, ഹോണ്ട സിറ്റി, ഉടൻ പുറത്തിറങ്ങാൻ പോകുന്ന പുതിയ എസ്‌യുവി ഹോണ്ട എലിവേറ്റ് എന്നിവ വാങ്ങുമ്പോൾ കുറഞ്ഞ പലിശ നിരക്കിൽ, തടസ്സരഹിതമായ ലോണുകൾ വേഗത്തിൽ അനുവദിക്കുന്നന്ന കാർ ഫിനാൻസ് സ്കീമുകൾ ഹോണ്ട ഉപഭോക്താക്കൾക്ക് ലഭ്യമാകുമമെന്ന് ഹോണ്ട കാർസ് ഇന്ത്യ മാർക്കറ്റിംഗ് ആന്റ് സെയിൽസ് വൈസ് പ്രസിഡന്റ് കുനാൽ ബെഹൽ പറഞ്ഞു.പങ്കാളിത്തത്തിന് കീഴിൽ, ബജാജ് ഫിനാൻസ് ലിമിറ്റഡ്, ഹോണ്ട ഉപഭോക്താക്കൾക്ക് ഫ് ളെക്സി പേ സ്കീമും ഡിജിറ്റൽ ഫസ്റ്റ് അനുഭവവും 100% വരെ ഓൺറോഡ് ഫണ്ടിംഗ് ഉൾപ്പെടെ ഇഷ്ടാനുസൃത റീട്ടെയിൽ ഫിനാൻസ് സ്കീമുകൾ നൽകും. പലിശ നിരക്ക് (ഞീക) 8.75 % മുതൽ ആരംഭിക്കുന്നു.ഉപഭോക്താക്കൾക്ക് ഏറ്റവും മികച്ച സേവനങ്ങൾ നൽകുന്നതിന് ഹോണ്ട കാർസ് പ്രതിജ്ഞാബദ്ധരാണ്. ബജാജ് ഫിനാൻസുമായുള്ള ഈ പങ്കാളിത്തത്തിൽ തങ്ങൾ ആവേശഭരിതരാണ്.ബജാജ് ഫിനാൻസ് വാഗ്ദാനം ചെയ്യുന്ന വിവിധ സ്കീമുകളും ഓപ്ഷനുകളും വൈവിധ്യമാർന്ന മൂല്യമുള്ള ഉപഭോക്താക്കൾക്ക് താങ്ങാനാവുന്നതും, ആക്സസ് ചെയ്യാവുന്നതുമായ വ്യക്തിഗത മൊബിലിറ്റി പരിഹാരങ്ങളിലേക്ക് നയിക്കുമെന്നും കുനാൽ ബെഹൽ പറഞ്ഞു.

# ബിഎൽഎസ് ഇസർവീസസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ബാങ്കുകൾക്കുള്ള ബിസിനസ് കറസ്പോൻറ് സേവനങ്ങൾ, അസിസ്റ്റഡ് ഇസേവനങ്ങൾ, അടിസ്ഥാന വിഭാഗങ്ങൾക്കുള്ള ഇഗവേണൻസ് സേവനങ്ങൾ തുടങ്ങിയ ഡിജിറ്റൽ സേവനങ്ങൾ നൽകുന്ന സാങ്കേതികവിദ്യാധിഷ്ഠിത കമ്പനിയായ ബിഎൽഎസ് ഇസർവീസസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. 10 രൂപ മുഖവിലയുള്ള 2,41,30,000 ഇകിറ്റി ഓഹരികളാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### ഓട്ടോമൊബൈൽ മേഖലയിലെ ആശങ്കകൾ:

# കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിയുമായി ചർച്ച നടത്തി എഫ്എഡിഎ



**ന്യൂഡൽഹി :** ഫെഡറേഷൻ ഓഫ് ഓട്ടോമൊബൈൽ ഡീലേഴ്സ് അസോസിയേഷൻസ് (എഫ്എഡിഎ), റോഡ് ട്രാൻസ്പോർട്ട് ആൻഡ് ഹൈവേ മന്ത്രി നിതിൻ ഗഡ്കരിയെ സന്ദർശിച്ച് ഇന്ത്യയിലെ വാഹന റീട്ടെയിൽ മേഖലയുമായി ബന്ധപ്പെട്ട സുപ്രധാന വിഷയങ്ങൾ ചർച്ച ചെയ്തു. 100, 125 സിസി വിഭാഗത്തിലുള്ള എൻട്രി ലെവൽ ടൂവീലറുകളുടെ ചരക്ക് സേവന നികുതി (ജിഎസ്ടി) നിരക്ക് 28% ൽ നിന്ന് 18% ആയി കുറയ്ക്കണമെന്നതായിരുന്നു മന്ത്രിയുമായുള്ള ചർച്ചയിൽ ഫെഡറേഷൻ മുന്നോട്ട് വച്ച പ്രധാന ആവശ്യം. 2047ഓടെ ഇന്ത്യയെ 47 ട്രില്യൺ ഡോളർ സമ്പദ്വ്യവസ്ഥയായി ഉയർത്തുന്നതിന്, നമ്മുടെ ഓട്ടോമൊബൈൽ വ്യവസായത്തിന്റെ എല്ലാ വിഭാഗവും അതിന്റെ ഉന്നതിയിൽ പ്രവർത്തിക്കണം. വോള്യത്തിന്റെ 75% വും ഇതിൽ 70%+ വും എൻട്രി ലെവൽ വിഭാഗത്തിൽ നിന്നാണ് വരുന്നത്, കോവിഡിന് മുമ്പുള്ള കാലം മുതൽ രേഖപ്പെടുത്തുന്ന 20%+ ഇടിവ് പരിഹരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. എൻട്രി ലെവൽ ടൂവീലറുകൾക്കുള്ള ജിഎസ്ടി 28% ൽ നിന്ന് 18% ആയി കുറയ്ക്കുക എന്നത് ഒരു സാമ്പത്തിക തന്ത്രം മാത്രമല്ല; ഇത് സാധാരണക്കാരെ ശാക്തീകരിക്കുകയും ഗ്രാമീണ ചലനം വർദ്ധിപ്പിക്കുകയും ചെയ്യുന്നതാണെന്ന് എഫ്എഡിഎ പ്രസിഡന്റ് മനീഷ് രാജ് സിംഘാനിയ പറഞ്ഞു.കോവിഡ് പാൻഡെമിക്കിനു ശേഷം വാഹനമേഖലയിലെ നിരവധി വിഭാഗങ്ങളിൽ ശ്രദ്ധേയമായ തിരിച്ചുവരവ് ഉണ്ടായിട്ടുണ്ടെങ്കിലും എൻട്രി ലെവൽ ഇരുചക്രവാഹന മേഖല പിന്നിൽ തന്നെയാണ്. ജിഎസ്ടി പരിഷ്കരണം, പ്രത്യേകിച്ച് ഗ്രാമീണ ഇന്ത്യയിലെ ഭാരം ഗണ്യമായി ലഘൂകരിക്കുമെന്നും ഈ സുപ്രധാന വ്യവസായ വിഭാഗത്തിന്റെ പുനരുജ്ജീവനത്തിന് ഉത്തേജനം നൽകുമെന്നും എഫ്എഡിഎ വിശ്വസിക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.വാഹന റീട്ടെയിൽ മേഖലയിലെ സുപ്രധാന വിഷയങ്ങൾ അവതരിപ്പിച്ചതോടൊപ്പം അഞ്ചാമത് ഓട്ടോ റീട്ടെയിൽ കോൺക്ലേവിൽ മന്ത്രിയെ മുഖ്യാതിഥിയായി ക്ഷണിക്കുകയും ചെയ്തു.. 2023 സെപ്റ്റംബർ 14ന് ന്യൂഡൽഹി ലെ മെറിഡിയനിൽ വച്ചാണ് കോൺക്ലേവ് നടക്കുന്നത്.

## നെഹ്റു ട്രോഫി വള്ളംകളി: ട്രോഫി ടൂർ ഇന്ന്

**ആലപ്പുഴ:** നെഹ്റു ട്രോഫി വള്ളംകളിയ്ക്ക് മുന്നോടിയായി നെഹ്റു ട്രോഫിയും വഹിച്ചുള്ള വാഹനം ഇന്ന് ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ പര്യടനം നടത്തും. രാവിലെ ആലപ്പുഴ സബ് കളക്ടർ ഓഫീസിൽ നിന്നും ആരംഭിക്കുന്ന ട്രോഫി ടൂർ മാതാ സ്കൂൾ, കഞ്ഞിക്കുഴി എസ്.എൽ.പുരം എച്ച്.എസ്.എസ്., ചേർത്തല ഗവ. ഗേൾസ് എച്ച്.എസ്.എസ്., ആര്യക്കര എ.ബി. വിലാസം സ്കൂൾ, ആര്യാട് ലൂഥറൻ ഹയർ സെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിൽ പര്യടനം നടത്തി വൈകിട്ടോടെ ആലപ്പുഴ ഔട്ട് പോസ്റ്റിന് സമീപം സമാപിക്കും. പ്രത്യേകം സജ്ജീകരിച്ച വാഹനത്തിലാണ് ട്രോഫി ടൂർ.

## പ്രൊഫഷണൽ ബൈക്ക് റൈഡർമാരുടെ പ്രകടനം ഇന്ന്

**ആലപ്പുഴ:** നെഹ്റു ട്രോഫി വള്ളംകളിയുടെ ഭാഗമായി പ്രൊഫഷണൽ ബൈക്ക് റൈഡർമാരെ അണിനിരത്തി സ്റ്റണ്ടിംഗ് എക്സിബിഷൻ നടത്തുന്നു. ഇന്ന് വൈകിട്ട് 4ന് ആലപ്പുഴ ബീച്ചിലെ റിക്രിയേഷൻ ഗ്രൗണ്ടിൽ പ്രത്യേക സജ്ജീകരിച്ച വേദിയിൽ സുരക്ഷാ സൗകര്യങ്ങളോടുകൂടിയാണ് ബൈക്ക് റൈഡർമാർ അഭ്യാസ പ്രകടനങ്ങൾ നടത്തുന്നത്.നെഹ്റു ട്രോഫി ബോട്ട് റേസ് സൊസൈറ്റിയാണ് പൾസർമാനിയ 2.0ന്റെ സഹകരണത്തോടെ പരിപാടി സംഘടിപ്പിക്കുന്നത്. നെഹ്റു ട്രോഫി വള്ളംകളി നടക്കുന്ന ദിവസം പുന്നമടക്കായലിലും ജങ്കാറിൽ ബൈക്കുകളുടെ പ്രകടനം നടത്തും.

# കല്യാൺ ജ്വല്ലേഴ്സിന്റെ സെലിബ്രേറ്റിംഗ് എവരി ഇന്ത്യന് മികച്ച ടിവി പ്രചാരണ പുരസ്കാരം




**കൊച്ചി:** പതിനെട്ടാമത് എഡിഷൻ ഫ്യൂറ റീട്ടെയ്ൽ ജൂവലർ ഇന്ത്യ അവാർഡ്സിൽ കല്യാൺ ജൂവലേഴ്സിന്റെ സെലിബ്രേറ്റിംഗ് എവരി ഇന്ത്യൻ എന്ന ദീപാവലി പ്രചാരണ പരിപാടി ഈ വർഷത്തെ മികച്ച ടിവി പ്രചാരണ പുരസ്കാരം സ്വന്തമാക്കി. മുംബൈയിൽ നടന്ന ചടങ്ങിൽ കല്യാൺ ജൂവലേഴ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ രാജേഷ് കല്യാണരാമൻ വേൾഡ് ഗോൾഡ് കൗൺസിൽ ഇന്ത്യ മാനേജിംഗ് ഡയറക്ടർ സോമസുന്ദരത്തിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങി.2022ൽ ദീപാവലിക്കായി പുറത്തിറക്കിയ സെലിബ്രേറ്റിംഗ്എവരിഇന്ത്യൻ പരസ്യപ്രചാരണം വലിയ ഹിറ്റായിരുന്നു. ആദ്യത്തെ അഞ്ചു ദിവസത്തിനുള്ളിൽ യൂട്യൂബിൽ മാത്രം പത്ത് ദശലക്ഷം പേരാണ് ഈ പ്രചാരണപരിപാടി കണ്ടത്. കല്യാൺ ജൂവലേഴ്സിന്റെ ആഗോള ബ്രാൻഡ് അംബാസഡർമാരായ അമിതാഭ് ബച്ചൻ, കത്രീന കൈഫ് എന്നിവർക്കൊപ്പം പ്രാദേശിക ബ്രാൻഡ് അംബാസിഡർമാരായ ജയ ബച്ചൻ, അക്കിനേനി നാഗാർജുന, ശിവ രാജ്കുമാർ, പ്രഭു ഗണേശൻ എന്നിവരും പ്രചാരണത്തിൽ അണിനിരന്നു. ഈ ഉത്സവകാല പ്രചാരണ പരിപാടിയിൽ യുവതാരങ്ങളായ കല്യാണി പ്രിയദർശൻ, പൂജ സാവന്ത്, റിതഭാരി ചക്രബർത്തി, കിഞ്ചാൽ രാജ്പ്രിയ, റജീന കസാൻഡ്ര എന്നിവരും ദീപാവലിയോട് അനുബന്ധിച്ചുള്ള വിവിധ വ്യക്തിഗത, പ്രാദേശിക പാരമ്പര്യങ്ങൾ അവതരിപ്പിച്ചു.ഏറെ ആദരിക്കപ്പെടുന്ന വേദിയിൽ ഈ വർഷത്തെ മികച്ച ടിവി പ്രചാരണത്തിനുള്ള പുരസ്കാരം നേടുകയെന്നത് വലിയ ആദരവായാണ് കണക്കാക്കുന്നതെന്ന് കല്യാൺ ജൂവലേഴ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ രാജേഷ് കല്യാണരാമൻ പറഞ്ഞു.

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives!




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
Liva KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED CUSTOMER SATISFACTION
CERTIFIED ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065,
RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288, Kerala.E-mail-societytodaynews@gmail.com